www.malankaralibrary.com

2021

# പാലാ ദൂത്

LEAD KINDLY LIGHT
EPARCHY OF PALAI

The Views paper

2021
SEPTEMBER
to
NOVEMBER
Vol. 3 Issue 4

സഭാത്മക വിശേഷങ്ങളുടെ നേരറിവുള്ള വാർത്തകൾ രൂപതാതലത്തിൽ - ഓരോ കുടുംബത്തിലേക്കും



## നിതാന്തജാഗ്രത
## ഇടമുറിയാത്ത പ്രാർത്ഥന
## ജ്വലിക്കുന്ന തീക്ഷ്ണത
# സാമൂഹികതിന്മകൾക്കെതിരെ ഒരുമിക്കാം







**2021** മാർച്ച് 19 മുതൽ 2022 മാർച്ച് 19 വരെ കുടുംബവർഷമായി പ്രഖ്യാപിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ജൂലൈ മാസത്തിലെ നാലാമത്തെ ഞായറാഴ്ച ഇനിമുതൽ എല്ലാ വർഷവും ഗ്രാൻഡ് പേരന്റ്സ് & എൽഡേഴ്സ് ദിനമായി ആചരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. വിവാഹം, പൗരോഹിത്യം, സന്ന്യാസം, ഏകസ്ഥജീവിതം എന്നീ ദൈവവിളികളുടെയെല്ലാം വിളനിലമാണ് പാലാ രൂപത. മുപ്പതു വയസ്സിനുമുമ്പ് വിവാഹിതരാകുന്ന നല്ല കീഴ്വഴക്കം തുടരാൻ മാതാപിതാക്കളും യുവജനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. മക്കളുടെ എണ്ണത്തിന്റെ കാര്യത്തിലും പ്രത്യേക ശ്രദ്ധ നാം പതിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ ദൈവവചനത്തിലധിഷ്ഠിതമായ വിശ്വാസമൂല്യങ്ങളാണ് എല്ലാവരും മാനദണ്ഡമാക്കേണ്ടത്. ലൗകികമാനദണ്ഡങ്ങൾ ദൈവത്തെ മാറ്റിനിർത്താൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. പ്രാർത്ഥനയുടെ ഒരുക്കത്തോടെ ദമ്പതികൾ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകണം. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്. ഒരു കുടുംബത്തിന്റെ സൗഭാഗ്യവും അനുഗ്രഹവും സമ്പത്തും കുഞ്ഞുങ്ങൾതന്നെയാണ്. ദൈവം നല്കുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുകയും വളർത്തുകയും ചെയ്യാൻ മാതാപിതാക്കൾക്കു കടമയുണ്ട്.

ഭാരതത്തിൽ 1971 ആഗസ്റ്റ് 10-ാം തീയതി MTP (Medical Termination of Pregnancy) Act ലൂടെ ഗർഭച്ഛിദ്രം നിയമവിധേയമാക്കി കോടിക്കണക്കിനു ശിശുക്കൾ കഴിഞ്ഞ അമ്പതു വർഷത്തിനുള്ളിൽ കൊല്ലപ്പെട്ടു. 2015 ൽ മാത്രം 15.6 ദശലക്ഷം കുഞ്ഞുങ്ങൾ കൊല്ലപ്പെട്ടുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭാരതത്തിൽ ഗർഭച്ഛിദ്രം നിയമാനുസൃതമാക്കിയിട്ട് ഈ ആഗസ്റ്റ് 10 ന് 50 വർഷം പൂർത്തിയായി. CBCI പ്രസ്തുത ദിവസം Black day (കറുത്തദിനം) ആയും KCBC ജീവൻ സംരക്ഷണദിനമായും ആചരിച്ചു. മനുഷ്യജീവൻ ഗർഭധാരണത്തിന്റെ നിമിഷംമുതൽ ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. MTP Act അനുസരിച്ച് 24 ആഴ്ച പ്രായമുള്ള ശിശുവിനെവരെ ഗർഭച്ഛിദ്രത്തിലൂടെ കൊലചെയ്യാമെന്ന സ്ഥിതിയാണ് ഭാരതത്തിലുള്ളത്. അസ്തിത്വത്തിന്റെ ആദ്യനിമിഷംമുതൽ മനുഷ്യജീവി ഒരു വ്യക്തിയുടെ അവകാശമുള്ളവനായി അംഗീകരിക്കപ്പെടണം. ഗർഭാവസ്ഥയിൽ ഒരു ശിശുവിന് ഏറ്റവും സുരക്ഷിതമായ വാസസ്ഥലമായി ദൈവം ക്രമീകരിച്ചു നൽകിയിരിക്കുന്നതാണ് അമ്മയുടെ ഉദരം. ആ ഉദരത്തിൽ വെച്ച് ഒന്നു പ്രതികരിക്കാൻപോലും സാധിക്കാത്ത ശിശുവിനെ കൊലപ്പെടുത്തുന്നത് അതിക്രൂരമായ കൊലപാതകംതന്നെയാണ്.

കുടുംബങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്ന കാലമാണിത്. കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, ജോലി ഇവയെല്ലാം ഇന്ന് വളരെ ക്ലേശകരമായ കാര്യങ്ങളാണ്. കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്ക് ഒരാശ്വാസം എന്ന നിലയിലും കുടുംബവർഷക്ഷേമപദ്ധതികൾ എന്ന നിലയിലും ഏതാനും കർമ്മപദ്ധതികൾ പാലാ രൂപതയിൽ നടപ്പിലാക്കുന്ന കാര്യം ഇതിനോടകം ഏവരും അറിഞ്ഞിരിക്കുമല്ലോ.

1) 2000 നു ശേഷം വിവാഹിതരായ പാലാ രൂപതാംഗങ്ങളായ ദമ്പതികൾക്ക് അഞ്ചോ അതിൽ കൂടുതലോ കുട്ടികൾ ഉണ്ടെങ്കിൽ ഓരോ മാസവും 1500 രൂപ സാമ്പത്തിക സഹായം, 2021 ഓഗസ്റ്റ് മുതൽ പാലാ രൂപതയുടെ ഫാമിലി അപ്പോസ്റ്റലേറ്റുവഴി നല്കുന്നു.

2) പാലാ രൂപതാംഗങ്ങളായ കുടുംബങ്ങളിൽ അഞ്ചോ അതിലധികമോ കുട്ടികളുള്ള ദമ്പതികളിൽ ഒരാൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതയനുസരിച്ച് രൂപതവക ചേർപ്പുങ്കലിലുള്ള മാർ സ്ലീവാ മെഡിസിറ്റിയിൽ ജോലികളിൽ മുൻഗണന നല്കുന്നു.

3) പാലാ രൂപതയുടെ ആഭിമുഖ്യത്തിലുള്ള ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിലും മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിലും, പാലാ രൂപതാംഗങ്ങളായ ദമ്പതികളുടെ നാലാമത്തേതും തുടർന്നുമുള്ള പ്രസവത്തിനായി അഡ്മിറ്റ് ആകുന്നതുമുതൽ ഡിസ്ചാർജ് ആകുന്നതുവരെയുള്ള ചെലവുകൾ സൗജന്യമായി നൽകുന്നു.

4) പാലാ രൂപതയുടെ ചേർപ്പുങ്കലിലുള്ള മാർ സ്ലീവാ നേഴ്സിങ് കോളജിൽ കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ നിയമങ്ങൾക്കനുസൃതമായി പ്രവേശനം ലഭിക്കുന്ന കുട്ടികളിൽ പാലാ രൂപതയിലെ കുടുംബങ്ങളിൽ നിന്നുള്ള നാലാമതുമുതലുള്ള കുട്ടികളുടെ പഠനച്ചെലവുകൾ സൗജന്യമായി നൽകുന്നു.

5) പാലാ രൂപതയിലെ ഒരു കുടുംബത്തിൽ നാലാമതായും തുടർന്നും ജനിക്കുന്ന കുട്ടികളിൽ പാലാ രൂപതയുടെ സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലും ഹോട്ടൽ മാനേജ്മെന്റ് കോളജിലും അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ ഫീ സൗജന്യമായിരിക്കും.

6) 2000 വർഷംമുതൽ കുടുംബവർഷമായ 2021 വരെ ജനിച്ചവരായ പാലാ രൂപതയിലെ കുടുംബങ്ങളിൽ നാലാമതോ, അതിനുശേഷമോ ജനിക്കുന്ന കുട്ടികളിൽ സാമ്പത്തികവിഷമത അനുഭവിക്കുന്നവർക്ക് നിർദ്ദിഷ്ടയോഗ്യതകളും ഗവൺമെന്റിന്റെ അതാതു സമയങ്ങളിലെ നിയമന മാനദണ്ഡങ്ങളും അനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയമനപരിഗണന നല്കുന്നതാണ്.



**പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 35-ാം ചരമവാർഷികം**
2021 നവംബർ 21

ഉന്നതവിദ്യാഭ്യാസസഹായപദ്ധതിയായ പാലാ കാരിത്താസ്, ചികിത്സാവിവാഹ സഹായപദ്ധതികളായ ഫാമിലി എയ്ഡ് ഫണ്ട്, മാർ സ്ലീവാ പേട്രൺസ് കെയർ, ബുദ്ധിമുട്ടുന്ന പള്ളികൾക്കുള്ള നീഡി ചർച്ച് ഫണ്ട് എന്നിവയും കൂടുതൽ സജീവമാക്കാൻ ഏവരുടെയും പങ്കാളിത്തം ക്ഷണിക്കുന്നു. വീടില്ലാത്തവർക്കു വീട്, സ്ഥലമില്ലാത്തവർക്കു സ്ഥലവും വീടും എന്നിവ ലക്ഷ്യമാക്കി നമ്മുടെ രൂപതയിൽ ഹോം പാലാ പദ്ധതി 358 വീടുകളുടെ നിർമ്മാണത്തിൽ എത്തിനിൽക്കുകയാണ്.

ശിശുക്കളെയും കുട്ടികളെയും യുവാക്കളെയുംപോലെതന്നെ പ്രധാനപ്പെട്ടതാണ് ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയവരുടെ അനാഥത്വം. വാർദ്ധക്യത്തിലെത്തിയവർ നമ്മുടെ സമൂഹത്തിൽ ഏറെ വിഷമങ്ങൾ അനുഭവിക്കുന്നുണ്ട്. അമ്മയുടെ ഉദരത്തിൽ ആയിരിക്കുന്നതുമുതൽ ജനിച്ചുവളർന്നു വലുതാകുന്നതുവരെ മാതാപിതാക്കൾ ഒരു വ്യക്തിയെ വളർത്തിയെടുക്കാൻ എന്തുമാത്രം ത്യാഗങ്ങളാണു സഹിക്കുന്നത്. ജീവിതസായാഹ്നത്തിൽ അവർക്ക് ആശ്രയമോ ആശ്വാസമോ ആരോഗ്യത്തിനും ചെലവിനുമുള്ള പണമോ ഇല്ലാതെ പോകുന്നതു നാമെല്ലാം വളരെ ശ്രദ്ധിക്കണം.

എല്ലാവരും അദ്ധ്വാനിക്കുന്നതു ജീവിക്കുന്നതിനായിട്ടാണ്. കുട്ടികൾ പഠിക്കുന്നതും യുവാക്കൾ തൊഴിലന്വേഷിക്കുന്നതും മുതിർന്നവർ തൊഴിൽ ചെയ്യുന്നതും ജീവിക്കുന്നതിനാവശ്യമായ പണം സമ്പാദിക്കുന്നതിനാണല്ലോ. ദൈവം നല്കിയിരിക്കുന്ന കഴിവുകൾ/താലന്തുകൾ പരമാവധി ഉപയോഗിച്ച് നന്നായി അദ്ധ്വാനിച്ച് നല്ല മാർഗ്ഗത്തിലൂടെ സ്വത്തു സമ്പാദിക്കണം, സമ്പത്തു വർദ്ധിപ്പിക്കണം എന്നാണ് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. തലമുറകളായി കൈമാറിക്കിട്ടിയതും അദ്ധ്വാനിച്ചു സമ്പാദിക്കുന്നതും ആവശ്യത്തിനു ചെലവഴിക്കുകയും വേണം.

www.malankaralibrary.com



എന്നാൽ, പിശുക്കും പൂഴ്ത്തിവയ്പും ധൂർത്തും തിന്മയാണെന്നു വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

പൂർവികർ സമ്പാദിച്ചതും അദ്ധ്വാനിച്ചതും ഈ തലമുറയിലുള്ളവരുടെ കരങ്ങളിൽ കൈമാറി വന്നിട്ടുണ്ടാവും. പരമ്പരാഗതമായി കൃഷിചെയ്തും നന്നായി ഭൂമി വിനിയോഗിച്ചും നമ്മുടെ മുതിർന്ന തലമുറ പൂർവികസമ്പത്ത് ശ്രദ്ധാപൂർവം കൈകാര്യം ചെയ്യുമായിരുന്നു. ആധുനികകാലത്ത് പുതിയ തൊഴിൽസംസ്കാരം വളർന്നുവന്നപ്പോൾ പ്രത്യേക സാഹചര്യങ്ങൾ ഉടലെടുത്തിരിക്കുകയാണ്. തരിശുകിടക്കുന്ന നിരവധി സ്ഥലങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കൃഷി നഷ്ടമായതിനാലും കൃഷിചെയ്യാൻ ആളില്ലാത്തതിനാലും ഉടമസ്ഥർ വിദേശത്തായതിനാലും മറ്റെന്തെങ്കിലും ഉദ്യോഗം ഉള്ളതിനാലുമൊക്കെയാവാം ഇതു സംഭവിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ സമുദായത്തിന് പ്രത്യേക ശ്രദ്ധ ഉണ്ടാകണം എന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു. വ്യക്തിപരമായോ കർഷസംഘങ്ങളായോ സജീവമായി പ്രവർത്തിച്ച് ഒരിഞ്ചു ഭൂമിപോലും തരിശിടാതെ വിനിയോഗിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ നാട്ടിൽ ആൾപ്പാർപ്പില്ലാതെ അടഞ്ഞുകിടക്കുന്ന നിരവധി വീടുകളുണ്ട്. വീടുനിർമ്മാണത്തിന്റെ കാര്യത്തിൽ അമിത ശ്രദ്ധ കൊടുത്ത് ആവശ്യത്തിലധികം പണം ചെലവഴിക്കുന്നതു പലപ്പോഴും കാണാറുണ്ട്. കൃഷി, എന്തെങ്കിലും ഉദ്യോഗം, ബിസിനസ് എന്നിങ്ങനെ നിരന്തരം അദ്ധ്വാനിച്ചുകൊണ്ടിരിക്കാൻ ആരോഗ്യമുള്ള എല്ലാവരും ശ്രദ്ധിക്കണം. അലസതയും ആഡംബരഭ്രമവും എല്ലാ മേഖലകളെയുംതന്നെ ബാധിച്ചിട്ടുണ്ട്.

നമ്മുടെ സമ്പത്തും ഭൂമിയും കഴിവുകളുമെല്ലാം രൂപതയുടെ വിവിധ കാരുണ്യ പ്രവൃത്തികളുമായി ബന്ധിപ്പിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ. ചിലരുടെ പക്കൽ പണം ആവശ്യത്തിലധികമായിരിക്കുകയും ചിലർ കൊടിയ ദാരിദ്ര്യത്തിലായിരിക്കുകയും ചെയ്യുന്ന വലിയ അസന്തുലിതാവസ്ഥ നമ്മുടെ സമൂഹത്തിലുണ്ട്. നമുക്കുള്ള സമ്പത്ത് വേണ്ടവിധം വിനിയോഗിക്കപ്പെടാതെയും പങ്കുവയ്ക്കപ്പെടാതെയും ഇരുന്നാൽ അതു പ്രയോജനപ്പെടാതെ പോവുകയാണ്. സമ്പന്നൻ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു കർത്താവ് നമ്മെ പഠിപ്പിക്കുന്നു. കർത്താവിന്റെ സന്നിധിയിൽ എത്തുന്ന ദരിദ്രരുടെ നിലവിളി സമ്പന്നർക്കെതിരായ വിധിയായി മാറുമെന്നാണ് വചനം നമുക്കു മുന്നറിയിപ്പു നല്കുന്നത്. അദ്ധ്വാനം, ആദ്യഫലം, ദശാംശം, ദാനധർമ്മം എന്നിവയെക്കുറിച്ചുള്ള ദൈവവചനപാഠങ്ങൾ പ്രാവർത്തികമാക്കാൻ നമുക്കു കൂടുതൽ ശ്രദ്ധിക്കാം.

രൂപത എന്ന പ്രാദേശികസഭയെ ഇടവകകളായി തിരിച്ചിരിക്കുന്നത് കൂദാശക്രമീകരണങ്ങൾക്കുവേണ്ടി മാത്രമല്ലാത്തതുകൊണ്ടാണ് നമ്മുടെ പൂർവികർ ഇടവകകളിൽ സ്കൂളുകളും ആതുരാലയങ്ങളും അനാഥാലയങ്ങളുമൊക്കെ തുടങ്ങിയത്. നാടിന്റെ വികസനത്തിനായി റോഡു നിർമാണം, പാലം പണി, നിരവധി ക്ഷേമപദ്ധതികളുടെ നിർവഹണം തുടങ്ങിയവ ഇടവകയുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടന്നിരുന്നു. ബുദ്ധിമുട്ടുള്ളവരെ കണ്ടറിഞ്ഞു സഹായിക്കുന്ന ഒരു കരുതൽ ഓരോ ഇടവകയിലും നടപ്പിലാക്കണം. കർഷകമുന്നേറ്റങ്ങൾ എല്ലാ ഇടവകകളിലും നടക്കണം. അടുത്തകാലത്ത് ചില ഇടവകകളിൽ മാതൃകാപരമായി മുന്നേറുന്ന പ്രസ്ഥാനങ്ങൾ തുടങ്ങിയിട്ടുണ്ട്. ക്രിസ്തീയതയ്ക്ക് ആത്മീയമാനവും ഭൗതികമാനവുമുണ്ട്. ദൈവാരാധനയും സാമൂഹികക്ഷേമ പ്രവർത്തനങ്ങളും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായാണ് സഭ കാണുന്നത്.

സാമൂഹികതിന്മകൾ ധാരാളമുള്ളവയിൽ അധികമാരും പറയാനാഗ്രഹിക്കാത്ത യാഥാർത്ഥ്യങ്ങൾ എട്ടുനോമ്പാചരണസമാപനത്തോടനുബന്ധിച്ചു കുറവിലങ്ങാടു നടന്ന കുർബാനമദ്ധ്യേയുള്ള ഹോമിലിയിൽ സൂചിപ്പിച്ചത് ചുരുക്കം ചിലരെങ്കിലും വസ്തുതകൾ മനസ്സിലാക്കാതെ തെറ്റിദ്ധരിക്കാനിടയായി. ഏതെങ്കിലും മതസ്ഥരുടെ പൊതുവായ കാര്യത്തെക്കുറിച്ചല്ല എന്നും ഏതെങ്കിലും മതത്തോടുള്ള വിരോധംകൊണ്ടോ എതിർപ്പുകൊണ്ടോ ഒന്നുമല്ല എന്നും പ്രസംഗത്തിൽ കൃത്യമായി പറഞ്ഞിരുന്നു. വാക്കുകളെ വളച്ചൊടിച്ച് ദുർവ്യാഖ്യാനംചെയ്ത് അവരവരുടെ അജണ്ടകൾക്കനുസരിച്ച് വാർത്തകൾ സൃഷ്ടിക്കുന്നവരെയും മാധ്യമചർച്ചകളെയും സോഷ്യൽ മീഡിയ പ്രചരണങ്ങളെയും ജാതി-മത-രാഷ്ട്രീയ-സാമുദായിക-സാംസ്കാരികനായകരെയും ഏവരും തിരിച്ചറിയണം. കളയും വിളയും തിരിച്ചറിയാൻ പറഞ്ഞ കർത്താവിന്റെ ആഹ്വാനം നാമെപ്പോഴും ഓർക്കണം. കള്ളൻവന്ന് മോഷ്ടിക്കാതിരിക്കാൻ തക്ക വിധത്തിലുള്ള ജാഗ്രത നമുക്കുണ്ടാകണം. നമ്മുടെ നാട്ടിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഭ്യതയും ഉപയോഗവും വളരെ വ്യാപകമായിരിക്കുകയാണ്. പ്രണയക്കുരുക്കുകൾ നിരവധി യുവാക്കളുടെ ജീവിതംതകർക്കുക മാത്രമല്ല ജീവൻ കവരുകപോലും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്. ഇവയെ കണ്ണുതുറന്നു കാണുവാൻ നമുക്കു സാധിക്കണം. കണ്ണടച്ച് ഇരുട്ടാക്കാൻ എളുപ്പമാണ്. വെറും പ്രണയം, മയക്കുമരുന്നുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നതിനുമപ്പുറം മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും വേഷങ്ങളണിഞ്ഞ് ഗൗരവമേറിയ ആഗോളപ്രതിഭാസങ്ങൾ നമ്മുടെ നാട്ടിലും അരങ്ങേറുന്നുണ്ട്. അപര്യാപ്തമായ നിയമസംവിധാനങ്ങൾ കുറച്ചുകൂടി ആനുകാലികവും പുരോഗമനപരവുമാകണമെന്ന് നിരവധിയാളുകൾ നിരീക്ഷിക്കുന്നതും ശ്രദ്ധിച്ചിട്ടുണ്ട്. പുതിയ നിയമനിർമ്മാണങ്ങൾപോലും ആവശ്യമാണെന്നു വിദഗ്ധർ പറയുന്നു. തിന്മയ്ക്കെതിരേയുള്ള പോരാട്ടം തുടരുകതന്നെ ചെയ്യണം. എല്ലാവരും ഒറ്റക്കെട്ടായി തിന്മയുടെ ശക്തികൾക്കെതിരേ നിലകൊള്ളണം. തിന്മയ്ക്കെതിരേ ശബ്ദിക്കരുത്, സംസാരിച്ചാൽ വായടപ്പിക്കും, പിന്മാറണം, നിലപാടുകൾ മാറ്റണം, മാപ്പു പറയണം, കേസെടുക്കണം തുടങ്ങിയ ആഹ്വാനങ്ങൾ നമ്മുടെ കൊച്ചുകേരളത്തിൽ മുഴങ്ങുന്നുണ്ട്. തിന്മയുടെ ശക്തികളെ കുറ്റപ്പെടുത്തി എതിർത്തുതോല്പിക്കുന്നതിനു പകരം അവർക്കു തണലൊരുക്കുകയും നന്മയുടെ വക്താക്കളെ ഒറ്റപ്പെടുത്തുകയും ചെയ്യുന്ന ബോധപൂർവകമായ മാധ്യമരാഷ്ട്രീയസാമുദായിക അന്തർധാര കേരളത്തിൽ ശക്തമായിരിക്കുകയാണ്.

നമ്മുടെ പെൺകുട്ടികളെ കെണിയിൽ പെടുത്താൻ ചില ഗ്രൂപ്പുകളും വ്യക്തികളും വിഭാഗങ്ങളും വിവിധ തന്ത്രങ്ങളുമായി രംഗത്തുള്ള കാര്യം സൂചിപ്പിച്ച് രൂപതാകേന്ദ്രത്തിൽനിന്ന് ഒരറിയിപ്പു നൽകിയിരുന്നത് എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. ഈ അടുത്തകാലത്തായി കണ്ടുവരുന്ന തന്ത്രം ഇടവകയിൽ നേരത്തെ ശുശ്രൂഷചെയ്തിരുന്ന വൈദികനെന്ന വ്യാജേന കുടുംബങ്ങളിലേക്കു ഫോൺ വിളിക്കുകയും പെൺകുട്ടികളുടെ പേരും ഫോൺനമ്പരുമൊക്കെ കൗശലപൂർവം മനസ്സിലാക്കുകയും ചെയ്യുന്നു എന്നതാണ്. ഇതുപോലുള്ള വിവിധ ചതിക്കുഴികളിൽ വീഴാതെ രൂപതാംഗങ്ങൾ എല്ലാവരും ജാഗ്രത പാലിക്കുക. മദ്യം, മയക്കുമരുന്ന്, കള്ളക്കടത്ത് എന്നിവ സുലഭമായി നമ്മുടെ സംസ്ഥാനത്തു നടക്കുന്നതായി വാർത്തകളിലൂടെ അറിയുമ്പോൾ നാമെല്ലാം ഏറെ വിഷമിക്കുകയാണ്. പിടിക്കപ്പെടുന്ന കേസുകൾ വളരെ ചുരുക്കമാണെന്നുവേണം അനുമാനിക്കാൻ. പിടിക്കപ്പെടാതെ, പുറത്തറിയാതെ അതിലേറെ സംഭവങ്ങൾ നടക്കുന്നുണ്ടെന്നു സംശയിക്കേണ്ടതില്ല. ആകയാൽ, ഈ പ്രശ്നങ്ങൾ അതീവരൂക്ഷമായ ഒന്നാണ്. ലാഘവബുദ്ധിയോടെ കണ്ട് തിന്മയോടു സന്ധിചെയ്യുന്ന സമീപനം സ്വീകരിച്ചാൽ വലിയ നാശമാകും സംഭവിക്കാൻ പോകുന്നത്. ഇക്കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടു തുടരണം.

നമ്മുടെ പൂർവികർ കാത്തുസൂക്ഷിച്ചുപോന്ന മൂല്യങ്ങൾ കൈമോശംവരാതെ സാമൂഹികസാമുദായികസന്തുലിതാവസ്ഥയ്ക്ക് അല്പംപോലും കുറവുവരാതെ മതസൗഹാർദ്ദം നിലനിർത്തിക്കൊണ്ടു പോകാൻ നമുക്കു പ്രത്യേകം ശ്രദ്ധിക്കാം. നാളിതുവരെയില്ലാതിരുന്ന അസ്വസ്ഥതകൾ ഒളിഞ്ഞും തെളിഞ്ഞും അങ്ങിങ്ങായി അടുത്ത കാലത്ത് അരങ്ങേറിത്തുടങ്ങിയിരിക്കുന്നു. നമ്മുടെ ജാഗ്രത നമ്മൾ കൂട്ടിയേ തീരൂ. എല്ലാ ഇടവകകളിലും പ്രതിനിധിയോഗം, കുടുംബകൂട്ടായ്മകൾ, കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കുമുള്ള സംഘടനകൾ എന്നിവ ഒട്ടും നിർജീവമാകാൻ അനുവദിക്കാതെ സജീവമാക്കണം.

നവംബർ 28 മുതൽ നമ്മുടെ പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിൽ പുതിയ ആരാധനാവത്സരം ആരംഭിക്കുകയാണ്. അന്നുമുതൽ സീറോ-മലബാർ സഭ മുഴുവനും പുതിയ റാസക്കുർബാന തക്സ ഉപയോഗിച്ചുതുടങ്ങുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പുതിയ റാസക്കുർബാന തക്സയ്ക്ക് അംഗീകാരം നല്കിയ സന്ദർഭത്തിൽ സീറോ-മലബാർ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വി. കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ നമ്മുടെ സഭാമക്കളോട് ആഹ്വാനം ചെയ്തു. വി. കൂദാശകളുടെ കർമ്മക്രമങ്ങളും തിരുപ്പട്ടക്കൂദാശക്രമവും മറ്റ് ആരാധനക്രമകർമ്മങ്ങളും ഏകീകൃതരൂപത്തിലാക്കാൻ കഴിഞ്ഞെങ്കിലും വിശുദ്ധ കുർബാനയർപ്പണരീതി ഒരേപോലെയാക്കാൻ പല കാലങ്ങളിലും നടത്തിയ പരിശ്രമങ്ങൾ പല കാരണങ്ങളാൽ ഫലപ്രാപ്തിയിലെത്തിയിരുന്നില്ല. 1999 ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നല്കിയിരുന്നതു നമ്മുടെ രൂപത ഉൾപ്പെടെ പല രൂപതകളിലും നടപ്പിലാക്കി. എന്നാൽ, എല്ലാ രൂപതകളിലും അതു സാധിച്ചില്ല. വി. കുർബാനയർപ്പണരീതിയിലെ ഐക്യത്തിനായി സഭയിലെ വിവിധ തലങ്ങളിൽ - സഭാ അസംബ്ലികളിലും മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളിലും വിവിധ അല്മായ ഫോറങ്ങളിലും - നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാനിലെ കാര്യാലയം 2020 നവംബർ 9 നുള്ള കത്തിലും നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ടുള്ള 2021 ജൂൺ 9 ലെ കത്തിലും വി. കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ നല്കി. ഇതിനെത്തുടർന്ന് പരിശുദ്ധ പിതാവ് വളരെ ആധികാരികമായിത്തന്നെ 2021 ജൂലൈ 3-ാം തീയതി സീറോ മലബാർ സഭ മുഴുവനുംവേണ്ടി ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ടു കത്തെഴുതി. പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത കുർബാനയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (editio typica) ഈ വർഷം മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച, നവംബർ 28-ാം തീയതി മുതൽ നടപ്പിലാക്കുകയാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപതയുടെ മെത്രാൻ

www.malankaralibrary.com



# സമഭാവനയുടെ പ്രബോധനങ്ങൾ

## എഡിറ്റോറിയൽ

Mob: 9447288698
sabudemathew1@gmail.com



കേരളസമൂഹത്തിൽ സമാധാനവും ഐക്യവും നിലനിൽക്കണമെന്ന് തീവ്രമായി ആഗ്രഹിക്കുന്നവരാണ് ക്രിസ്ത്യാനികൾ. ക്രിസ്തുമതം പ്രചരിപ്പിക്കുന്നതും പ്രസംഗിക്കുന്നതും സ്നേഹത്തിന്റെ തത്ത്വശാസ്ത്രമാണ്. ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലനായ വി.തോമാശ്ലീഹായുടെ ആഗമനത്തെ സമഭാവനയോടെ കണ്ട് സന്തോഷപൂർവ്വം സ്വീകരിച്ച നാടാണിത്. സ്നേഹത്തിന്റെ ചൈതന്യത്തിൽനിന്നു വ്യതിചലിക്കാനോ വഴിമാറാനോ ഉള്ള ശ്രമങ്ങൾ ക്രൈസ്തവസഭയുടെ ഭാഗത്തുനിന്ന് ഒരിക്കലും ഉണ്ടാവുകയില്ല. എല്ലാവരെയും സ്നേഹിക്കാൻ പഠിപ്പിച്ച നല്ല നാഥനെ പിഞ്ചെല്ലുന്ന ഒരു വിശ്വാസപാരമ്പര്യത്തിനു പരസ്പരവിശ്വാസത്തിന്റെയും പരിഗണനയുടെയും പ്രബോധകരാകാനേ സാധിക്കൂ.

കുടുംബം, അല്മായർ, ജീവൻ എന്നിവയ്ക്കായുള്ള സീറോ-മലബാർ സിനഡൽ കമ്മീഷൻ ചെയർമാനും പാലാ രൂപതാധ്യക്ഷനുമായ ബിഷപ് ജോസഫ് കല്ലറങ്ങാട്ട് തന്റെ അജപാലനദൗത്യത്തിന് ഏല്പിച്ചിരിക്കുന്ന പ്രദേശത്തെ ദൈവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് ഒരു പ്രസംഗം നടത്തുകയുണ്ടായി. ആശയങ്ങളുടെ ഗാംഭീര്യംകൊണ്ടും ഉചിതമായ പദപ്രയോഗങ്ങൾകൊണ്ടും അനുവാചക മനസ്സിലേക്ക് പ്രസംഗങ്ങളിലൂടെ കടന്നുചെല്ലാൻ വളരെ എളുപ്പത്തിൽ പിതാവിനു സാധിക്കും.അത്തരത്തിൽ നടത്തിയ ഒരു പ്രസംഗത്തിലെ ചില ഭാഗങ്ങൾ അടർത്തിയെടുത്ത് ചിലരെങ്കിലും ഉപയോഗിക്കാനിടയായി.

പാലാ രൂപത സ്ഥാപിതമായതിനുശേഷം രൂപതയെ നയിച്ച അഭിവന്ദ്യരായ എല്ലാ പിതാക്കന്മാരും എക്കാലത്തും മികച്ച ദേശീയവാദികളും രാജ്യസ്നേഹികളുമായാണ് അറിയപ്പെടുന്നത്. ആ പാതയിൽക്കൂടി സഞ്ചരിക്കുന്നയാളാണ് അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവും. ഭാഗ്യസ്മരണാർഹനായ വയലിൽ പിതാവ് ദേശീയമായ ചിന്താഗതികളെ ഉയർത്തിപ്പിടിച്ചതോടൊപ്പം വിദ്യാർത്ഥിയായിരിക്കുന്ന കാലംമുതൽ മദ്യവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടയാളാണ്. പിന്നീട് സംയുക്ത ക്രൈസ്തവ മദ്യവർജന സമിതി രൂപീകരിച്ചപ്പോൾ അതിന്റെ അധ്യക്ഷനായിത്തീർന്നതും വയലിൽ പിതാവായിരുന്നു. തുടർന്ന്, രൂപതയുടെ ശുശ്രൂഷ ഏറ്റെടുത്ത മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും അടിയുറച്ച ദേശഭക്തനായിരുന്നു. ദീർഘകാലം പള്ളിക്കാപറമ്പിൽ പിതാവും മദ്യവർജന സമിതിയുടെ ചുമതല വഹിച്ചു. ബിഷപ് ജോസഫ് കല്ലറങ്ങാട്ടും ഉറച്ച ദേശീയവാദിയും രാജ്യസ്നേഹിയുമാണ്. ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും തന്റെ ആശയങ്ങൾ അദ്ദേഹം കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നു. ജാതിയോ മതമോ നോക്കാതെ തന്റെ കിഡ്നി മറ്റൊരാൾക്കു പകുത്തുനൽകുവാൻ സന്മനസ്സു കാണിച്ചയാളാണ് രൂപതയുടെ സഹായമെത്രാനായ ബിഷപ് ജേക്കബ്ബ് മുരിക്കൻ. വലിയ ഒരു പാരമ്പര്യത്തിന്റെയും മഹത്തായ പൈതൃകത്തിന്റെയും വാഹകരായാണ് നമ്മുടെ ശ്രേഷ്ഠപുരോഹിതർ എക്കാലവും നമ്മെ നയിച്ചിട്ടുള്ളത്.

ഇതര മതങ്ങളെയോ സമൂഹങ്ങളെയോ സമുദായങ്ങളെയോ ആദരിക്കാതെയും ബഹുമാനിക്കാതെയും പ്രവർത്തിക്കുകയെന്നത് ക്രിസ്തീയമായ ശൈലിയല്ല. അത് പൂർണ്ണമായും മനസ്സിലാക്കിയാണ് കല്ലറങ്ങാട്ട് പിതാവ് തന്റെ പ്രസംഗങ്ങൾ നടത്തിയിട്ടുള്ളത്. തനിക്ക് ഇതര സമുദായാംഗങ്ങളുമായുള്ള നല്ല ബന്ധത്തെക്കുറിച്ച് എടുത്തുപറയാൻ അദ്ദേഹം പ്രസംഗത്തിൽ ശ്രമിക്കുന്നുണ്ട്. പണ്ഡിതോചിതമായ പ്രബന്ധാവതരണത്തിൽ പ്രകടിപ്പിക്കുന്ന വിധത്തിൽ പദങ്ങളുടെ ഉത്പത്തി, അർത്ഥം എന്നിവ വിശദീകരിക്കുന്നതിലൂടെ മതേതരമായ ഒരു മാനം നൽകുവാനാണ് അദ്ദേഹം പ്രസംഗത്തിൽ ശ്രമിക്കുന്നതെന്നു വ്യക്തം.

തന്റെ ഉത്തരവാദിത്വത്തിൽ ഏല്പിച്ചുതന്നിരിക്കുന്ന വിശ്വാസിസമൂഹത്തോട് സാമൂഹിക തിന്മകൾക്കെതിരേ നിലപാടുകളെടുക്കണമെന്ന ആഹ്വാനമാണ് ആ പ്രസംഗത്തിന്റെ കാതൽ. ദൈവാലയത്തിനുള്ളിൽവച്ചു നടന്ന അത്തരമൊരു പ്രസംഗം സമഭാവനയുടെ തലത്തിൽ മാത്രമാണ് കേരളീയസമൂഹം കാണേണ്ടത്. ■

### ഹോം പാലാ
### 358 വീടുകളുടെ നിർമ്മാണപൂർത്തീകരണത്തിലേക്ക്

എല്ലാ പിന്തുണയും നൽകി സഹായിക്കുന്ന ബഹു. വൈദികർക്കും ഇടവകകൾക്കും ഭക്തസംഘടനാഭാരവാഹികൾക്കും അഭ്യുദയകാംക്ഷികൾക്കും ഹൃദയംനിറഞ്ഞ നന്ദി. വീട് നിർമ്മിക്കാൻ സ്ഥലവും സാമ്പത്തികസഹായവും സുമനസ്സുകൾ നൽകുന്നുണ്ട്. എങ്കിലും വാസയോഗ്യമായ ഭവനവും വീടിനു സ്ഥലവുമില്ലാത്തവർ ഇനിയുമുണ്ട്. മാർ യൗസേപ്പിന്റെ വർഷത്തിൽ ഭവനനിർമ്മാണത്തിനു മുൻഗണന നൽകി 1000 ഭവനങ്ങൾ പൂർത്തിയാക്കുക എന്ന ലക്ഷ്യം സാധ്യമാക്കാൻ സാമ്പത്തികമായോ സ്ഥലം നൽകിയോ സഹായിക്കാൻ എല്ലാവരെയും ക്ഷണിക്കുന്നു. **Contact: 9496455427**

### പ്രവാസി അപ്പോസ്തലേറ്റ് പാലാ രൂപത

കേരളത്തിനു വെളിയിലോ ഭാരതത്തിനു വെളിയിലോ പഠനത്തിനോ ജോലിക്കോ ആയി പോയിരിക്കുന്ന പാലാ രൂപതാംഗങ്ങൾക്ക് അവരുടെ ക്ഷേമത്തിനും മാതൃസഭയോടും മാതൃരൂപതയോടുമുള്ള ബന്ധം സൂക്ഷിക്കുന്നതിനുമായി ആരംഭിച്ച **പ്രവാസി പ്രേഷിതത്വ കൂട്ടായ്മയിൽ** ചേരാവുന്നതാണ്. ഇപ്പോൾ 25 രാജ്യങ്ങളിൽ ഇതു പ്രവർത്തിക്കുന്നുണ്ട്. **ലക്ഷ്യങ്ങൾ**: പ്രവാസികളുടെ ക്ഷേമം, പ്രവാസികളുടെ മാതാപിതാക്കളുടെ ക്ഷേമം, പ്രവാസികളുടെ മക്കളുടെ ക്ഷേമം, പുതുതായി പ്രവാസത്തിലേക്കു പോകാനാഗ്രഹിക്കുന്നവരുടെ ക്ഷേമം, പ്രവാസത്തിൽനിന്നു മടങ്ങിയെത്തുന്നവരുടെ ക്ഷേമം. **ഡയറക്ടർ: ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**

**Contact: 00919496464727 Website: http://www.pravasiapostolatepalai.com**

## സീറോ-മലബാർ സഭയുടെ ആരാധനക്രമമനുസരിച്ചു വായിക്കേണ്ട അനുദിന വചനഭാഗങ്ങൾ

### 2021 സെപ്റ്റംബർ

#### ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

**ഏലിയാ 1-ാം ആഴ്ച**

| | | |
|---|---|---|
| 01 ബു | ലൂക്കാ 12:41-48 | ഗലാ 4:8-11 |
| | എട്ടുനോമ്പാരംഭം | |
| 02 വ്യാ | ലൂക്കാ 17:20-37 | 1 പത്രോ 1:22-25 |
| 03 വെ | ലൂക്കാ 12:54-59 | റോമാ 8:18-25 |
| | **ആദ്യവെള്ളി** | |
| 04 ശ | മത്താ 13:44-51 | 2 പത്രോ 3:8-13 |

**കൊൽക്കൊത്തയിലെ വി. തെരേസ** (5 ഞായർ)

**ഏലിയാ 2-ാം ആഴ്ച**

| | | |
|---|---|---|
| **05 ഞാ** | മത്താ 13:1-23 | 2 തെസ 2:14-3:3 |
| | നിയ 7:7-11 | ഏശ 30:15-26 |
| 06 തി | മത്താ 19:27-30 | വെളി 7:9-17 |
| 07 ചൊ | യോഹ 16:20-24 | 2 തിമോ 2:14-17a |
| 08 ബു | **മർത്ത് മറിയത്തിന്റെ പിറവിത്തിരുനാൾ** | |
| | മത്താ 1:1-16 | വെളി 12:1-6 |
| | ഉത്പ 17:1-27 | ഏശ 43:1-7 |
| 09 വ്യാ | മർക്കോ 8:11-21 | 2 പത്രോ 2:4-10 |
| 10 വെ | ലൂക്കാ 13:6-9 | 1 പത്രോ 2:19-25 |
| | *(കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്തായുടെ ചരമം - 1786, പാറേമ്മാക്കൽ ജയന്തി - 1736)* | |
| 11 ശ | മത്താ 8:5-13 | 1 പത്രോ 2:11-19 |

**ഏലിയാ 3-ാം ആഴ്ച**

| | | |
|---|---|---|
| **12 ഞാ** | മത്താ 13:24-43 | ഫിലി 1:12-25 |
| | നിയ 7:12-26 | ഏശ 32:1-8 |
| 13 തി | ലൂക്കാ 8:22-25 | ഗലാ 5:13-15 |
| | **മാർ ജോൺ ക്രിസോസ്തോം** | |
| | *മാർ സ്ലീവാ തിരുനാൾ (കുരിശു കണ്ടെത്തൽ)* | |

**സ്ലീവാ 1-ാം ആഴ്ച**

| | | |
|---|---|---|
| 14 ചൊ | **മാർ സ്ലീവായുടെ പുകഴ്ച** | |
| | ലൂക്കാ 24:13-35 | 1 കോറി 1:18-31 |
| | സംഖ്യ 21:4-9 | ഏശ 42:13-17 |
| 15 ബു | മത്താ 24:29-36 | 1 തെസ 4:13-18 |
| 16 വ്യാ | മത്താ 25:31-40 | 1 തിമോ 1:12-17 |
| 17 വെ | ലൂക്കാ 4:31-37 | 2 തിമോ 2:1-7 |
| 18 ശ | ലൂക്കാ 15:1-7 | കൊളോ 1:24-29 |
| **19 ഞാ** | മത്താ 4:12-17 | ഫിലി 2:1-11 |
| | നിയ 8:11-20 | ഏശ 33:13-24 |
| 20 തി | മത്താ 5:43-48 | ഫിലി 4:10-14 |

**സ്ലീവാ 2-ാം ആഴ്ച**

| | | |
|---|---|---|
| 21 ചൊ | **മാർ മത്തായി ശ്ലീഹാ** | |
| | മത്താ 9:9-13 | ഹെബ്രാ 11:23-26 |
| | 1 ദിന 29:10-19 | എസെ 1:1-14 |
| 22 ബു | മത്താ 21:18-22 | 2 കോറി 13:5-10 |
| 23 വ്യാ | മത്താ 11:11-19 | 2 പത്രോ 2:20-22 |
| | **വി. പാദ്രേപിയോ** | |
| 24 വെ | മത്താ 15:1-9 | 2 പത്രോ 1:20-2:3 |
| 25 ശ | ലൂക്കാ 8:16-21 | 1 തെസ 1:4-8 |
| **26 ഞാ** | മത്താ 17:14-27 | ഫിലി 3:1-11 |
| | നിയ 9:1-6 (9:1-8) | ഏശ 25:1-8 |
| 27 തി | യോഹ 8:39-47 | 1 യോഹ 5:13-21 |
| | **വി. വിൻസെന്റ് ഡി പോൾ** | |

**സ്ലീവാ 3-ാം ആഴ്ച**

| | | |
|---|---|---|
| 28 ചൊ | മർക്കോ 9:42-48 | തീത്തോ 2:11-14 |
| 29 ബു | ലൂക്കാ 9:1-6 | 2 തെസ 3:6-12 |
| | **റേശ് മാലാകാമാരായ മാർ മിഖായേൽ, മാർ ഗബ്രിയേൽ, മാർ റഫായേൽ** | |
| 30 വ്യാ | മത്താ 8:1-4 | 2 തിമോ 3:1-7 |
| | **മാർ ജറോം മല്പാൻ** | |

### 2021 ഒക്ടോബർ

| | | |
|---|---|---|
| 01 വെ | ലൂക്കാ 11:5-13 | തീത്തോ 2:6-10 |
| | **ആദ്യവെള്ളി** | |
| | **വി. കൊച്ചുത്രേസ്യ ക.മ.** | |
| | *(മാർ ജേക്കബ് മുരിക്കന്റെ മെത്രാഭിഷേകദിനം - 2012)* | |
| 02 ശ | മത്താ 26:6-13 | 2 തിമോ 4:6-8 |
| | **കാവൽമാലാകാ** | |
| **03 ഞാ** | മത്താ 15:21-38 | ഫിലി 4:4-23 |
| | നിയ 9:13-24 | ഏശ 26:1-19 |
| 04 തി | മർക്കോ 8:31-38 | ഫിലി 1:21-26 |
| | **വി. ഫ്രാൻസിസ് അസ്സീസി** | |
| | *മാർ ഫ്രാൻസിസ് പാപ്പയുടെ നാമഹേതുകദിനം* | |

**സ്ലീവാ 4-ാം ആഴ്ച**

| | | |
|---|---|---|
| 05 ചൊ | മത്താ 5:13-16 | 2 തിമോത്തി 2:21-26 |
| 06 ബു | ലൂക്കാ 20:20-26 | ഹെബ്രാ 2:1-4 |
| 07 വ്യാ | യോഹ 5:39-47 | 2 യോഹ 4-11 |
| | **ജപമാല രാജ്ഞി** | |
| 08 വെ | ലൂക്കാ 21:7-19 | 2 തിമോ 1:1-7 |
| 09 ശ | ലൂക്കാ 10:17-21 | 2 തിമോ 1:8-14 |
| | **പൂർവപിതാവായ അബ്രാഹം** | |
| | (ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ ദൈവദാസൻ കാവുകാട്ട് മാർ മത്തായിയുടെ ചരമം - 1969) | |

**മൂശ 1-ാം ആഴ്ച**

| | | |
|---|---|---|
| **10 ഞാ** | മത്താ 20:1-16 | 2 കോറി 2:12-17 |
| | നിയ 11:1-12 | ഏശ 40:1-17 |
| 11 തി | ലൂക്കാ 10:38-42 | തീത്തോ 3:1-7 |
| 12 ചൊ | ലൂക്കാ 11:14-23 | ഹെബ്രാ 4:1-11 |
| | അൽഫോൻസാമ്മയുടെ വിശുദ്ധപദവിപ്രഖ്യാപനം | |
| 13 ബു | ലൂക്കാ 11:24-26 | 1 കോറി 1:24-31 |
| 14 വ്യാ | ലൂക്കാ 9:28-36 | ഹെബ്രാ 10:1-10 |
| 15 വെ | ലൂക്കാ 20:27-40 | 1 പത്രോ 3:1-7 |
| | **ആവിലായിലെ വി. ത്രേസ്യാ** | |
| 16 ശ | **വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ** | |
| | യോഹ 10:1-15 | 1 പത്രോ 4:12-19 |
| | ഉത്പ 12:1-4 | ഏശ 44:1-4 |
| | **അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്** (17 ഞായർ) | |

**മൂശ 2-ാം ആഴ്ച**

| | | |
|---|---|---|
| **17 ഞാ** | ലൂക്കാ 8:41b-56 | ഗലാ 5:1-26 |
| | നിയ 11:26-32 | ഏശ 41:1-7 |
| | **മിഷൻ ഞായർ** | |
| 18 തി | **മാർ ലൂക്കാ സുവിശേഷകൻ** | |
| | മത്താ 18:10-14 | ഹെബ്രാ 10:19-25 |
| 19 ചൊ | ലൂക്കാ 4:38-44 | ഗലാ 6:11-18 |
| 20 ബു | ലൂക്കാ 11:37-42 | ഹെബ്രാ 11:11-22 |
| 21 വ്യാ | മത്താ 25:1-13 | റോമാ 14:10-13 |
| 22 വെ | ലൂക്കാ 16:1-8 | ഹെബ്രാ 2:5-9 |
| | **മാർ ജോൺ പോൾ II പാപ്പാ** | |
| 23 ശ | ലൂക്കാ 9:18-20 | ഹെബ്രാ 12:1-11 |

**മൂശ 3-ാം ആഴ്ച**

| | | |
|---|---|---|
| **24 ഞാ** | മത്താ 8:23-34 | ഗലാ 6:1-18 |
| | നിയ 13:12-18 | ഏശ 41:8-20 |
| 25 തി | മത്താ 24:3-14 | ഹെബ്രാ 2:10-18 |
| 26 ചൊ | യോഹ 11:1-16 | 1 തെസ 4:9-12 |
| 27 ബു | മത്താ 25:14-30 | 1 കോറി 15:35-41 |
| 28 വ്യാ | **മാർ ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ** | |
| | യോഹ 15:18-25 | എഫേ 6:10-17 |
| | പുറ 15:11-13 | ജ്ഞാനം 10:15-21 |
| 29 വെ | മത്താ 16:5-12 | ഹെബ്രാ 10:11-18 |
| 30 ശ | യോഹ 9:17-23 | യൂദാ 5-7 |

#### പള്ളിക്കൂദാശക്കാലം

**പള്ളിക്കൂദാശ 1-ാം ആഴ്ച**

| | | |
|---|---|---|
| **31 ഞാ** | **സഭാസമർപ്പണത്തിരുനാൾ** | |
| | മത്താ 16:13-19 | 1 കോറി 13:1-13 |
| | പുറ 40:17-38 | ഏശ 6:1-13 |

### 2021 നവംബർ

| | | |
|---|---|---|
| 01 തി | ലൂക്കാ 20:1-8 | യാക്കോ 3:6-12 |
| | **സകല വിശുദ്ധരുടെയും തിരുനാൾ** | |
| 02 ചൊ | ലൂക്കാ 21:1-4 | ഹെബ്രാ 6:1-6 |
| 03 ബു | ലൂക്കാ 8:26-39 | യാക്കോ 1:19-25 |
| 04 വ്യാ | മത്താ 9:35-38 | വെളി 3:8-13 |
| | **വി. ചാൾസ് ബൊറോമിയോ** | |
| 05 വെ | ലൂക്കാ 19:1-10 | 1 പത്രോ 1:13-20 |
| | **സക്കറിയാ, ഏലീശ്വാ ദമ്പതികൾ** | |
| | **ആദ്യവെള്ളി** | |
| 06 ശ | ലൂക്കാ 5:1-11 | ശ്ലീഹ 10:9-16 |

**പള്ളിക്കൂദാശ 2-ാം ആഴ്ച**

| | | |
|---|---|---|
| **07 ഞാ** | മത്താ 12:1-21 | ഹെബ്രാ 8:1-6 |
| | പുറ 40:1-16 | 1 രാജാ 8:10-29 |
| 08 തി | മത്താ 19:16-22 | 2 കോറി 4:11-15 |
| 09 ചൊ | യോഹ 6:47-53 | 1 കോറി 4:1-5 |
| | **മാർ തെയഡോർ** | |
| 10 ബു | മർക്കോ 10:28-30 | 2 കോറി 11:7-15 |
| 11 വ്യാ | ലൂക്കാ 10:8-16 | 2 കോറി 11:16-21 |
| 12 വെ | ലൂക്കാ 10:8-16 | 2 കോറി 11:16-21 |
| 13 ശ | ലൂക്കാ 22:24-30 | 3 യോഹ 5:12 |

**പള്ളിക്കൂദാശ 3-ാം ആഴ്ച**

| | | |
|---|---|---|
| **14 ഞാ** | യോഹ 2:12-22 | ഹെബ്രാ 9:1-15 |
| | സംഖ്യ 9:15-18 | ഏശ 54:1-15 |
| 15 തി | ലൂക്കാ 11:1-4 | ഹെബ്രാ 13:9-16 |
| 16 ചൊ | ലൂക്കാ 8:1-3 | യൂദാ 17:25 |
| | *സീറോ-മലബാർ ഹയരാർക്കി സ്ഥാപനപരസ്യം (1924)* | |
| 17 ബു | മത്താ 16:21-28 | കൊളോ 3:22-25 |
| 18 വ്യാ | മത്താ 22:1-14 | വെളി 19:5-10 |
| 19 വെ | യോഹ 18:28-37 | വെളി 19:11-16 |
| 20 ശ | ലൂക്കാ 9:10-17 | വെളി 21:9-14 |

**പള്ളിക്കൂദാശ 4-ാം ആഴ്ച**

| | | |
|---|---|---|
| **21 ഞാ** | **മിശിഹായുടെ രാജത്വത്തിരുനാൾ** | |
| | മത്താ 22:41-46 | ഹെബ്രാ 9:16-28 |
| | 1 രാജാ 6:1-19 | എസെ 43:1-7 |
| | (വയലിൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം - 1986) | |
| | **മാർത്തോമ്മാ ശ്ലീഹായുടെ ഭാരതപ്രവേശനം** | |
| 22 തി | മത്താ 6:19-21 | വെളി 4:1-11 |
| | **വി. സിസിലി** | |
| 23 ചൊ | മർക്കോ 5:25-34 | 1 തെസ 4:1-8 |
| 24 ബു | മർക്കോ 12:18-27 | ഹെബ്രാ 1:1-4 |
| 25 വ്യാ | യോഹ 17:12-19 | 1 പത്രോ 1:3-7 |
| 26 വെ | ലൂക്കാ 19:45-48 | വെളി 14:1-7 |
| 27 ശ | യോഹ 12:37-43 | 1 പത്രോ 4:1-10 |

#### മംഗളവാർത്തക്കാലം

**മംഗളവാർത്ത 1-ാം ആഴ്ച**

മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പെടുന്ന ഹശ്ശാ ആഴ്ചവരെ മാർ തെയഡോറിന്റെ കൂദാശക്രമം പരിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നതാണ് കൂടുതൽ ഉചിതം

| | | |
|---|---|---|
| **28 ഞാ** | ലൂക്കാ 1:1-25 | എഫേ 5:21-6:4 |
| | ഉത്പ 17:1-27 | ഏശ 43:1-7, 10-11 |
| 29 തി | ലൂക്കാ 9:37-43a | ഗലാ 3:9-14 |
| 30 ചൊ | മത്താ 4:18-22 | റോമാ 10:9-18 |
| | ഉത്പ 28:10-17 | സഖ 8:20-23 |
| | **മാർ അന്ത്രയോസ് ശ്ലീഹാ** | |
| | (ഇന്ന് പാതിരാമുതൽ പിറവിത്തിരുനാൾവരെ വിവാഹാഘോഷം മുടക്ക്) | |

www.malankaralibrary.com



## കേരള സർക്കാരിന്റെ 2019 ലെ കർഷക ക്ഷേമനിധി ആക്റ്റിനാൽ സ്ഥാപിതമായ കർഷക ക്ഷേമനിധി ബോർഡിൽ അർഹരായ ചെറുകിട – നാമമാത്ര കർഷകർക്ക് അംഗത്വം നേടുന്നതിന് സഹായകരമായ വിവരങ്ങൾ ജനങ്ങൾക്കു നല്കുന്നതിനുവേണ്ടി

# കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാന്മാർ ചേർന്നു പുറപ്പെടുവിക്കുന്ന സർക്കുലർ

**Ref: 3540/K-5/KCBC/OL/DS** **26.07.2021**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷികവൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവനമാർഗ്ഗമായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്നതുമാണ് കേരളസംസ്കാരം. എന്നാൽ, കർഷകജനതയുടെ നിലനില്പും സുരക്ഷയും പല കാരണങ്ങളാൽ ഭീഷണിയിലാണ്. ആപത്കരമായ ഈ പ്രവണതയ്ക്കു മാറ്റമുണ്ടാകണം. ലോകമാസകലം ചർച്ചയ്ക്കു വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രികലേഖനം 'ലൗദാത്തോ സി'യുടെ അഞ്ചാം വർഷത്തിൽ കേരളസഭയും കാർഷിക ആഭിമുഖ്യത്തിൽ കൂടുതൽ ഊർജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിതപ്രവർത്തനമായി കാണണം. കർഷകന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുതകുന്ന ഒരു അവസരമായാണ് കേരള സർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനായും കാർഷികവൃത്തിയിലേക്കു യുവതലമുറയെ ആകർഷിക്കുന്നതിനായും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്റ്റിന്റെ അടിസ്ഥാനത്തിൽ കർഷക ക്ഷേമനിധി ബോർഡുവഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനുശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ചു വർഷത്തിൽ കുറയാതെ അംശാദായം അടച്ചവർക്ക് 60 വയസ്സ് തികയുമ്പോൾ അംശാദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധി ബോർഡിൽ അംഗത്വപ്രക്രിയ പൂർണ്ണമായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷകപെൻഷൻ ഈ ബോർഡുവഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. (ഫോൺ നമ്പർ: 0487-2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശവും പകരുന്ന പദ്ധതിയാകും ഇതെന്നു കരുതുന്നു.

കേരള സർക്കാർ 2019 ഡിസംബർ 20 ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു: കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. (www.kfwfb.kerala.gov.in)

**(1) ആരാണ് കർഷകൻ?**

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ, റബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിച്ചിട്ടുള്ളവർ, പ്രതിവർഷം അഞ്ചുലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ, മൂന്നു വർഷത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ, തുടങ്ങിയവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം.

**(2) ഏതെല്ലാം കൃഷികൾ?**

നെൽക്കൃഷി, ഉദ്യാനക്കൃഷി, കന്നുകാലി വളർത്തൽ (ക്ഷീരകർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നവർ വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാര മത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

**(3) ആർക്കെല്ലാം അംഗത്വം?**

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രതിമാസം പരമാവധി 250/- രൂപ സർക്കാർ വിഹിതമായി വരും. അർദ്ധവാർഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യംപോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടെയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനും വിഹിതം അടയ്ക്കുവാനും വിവരങ്ങൾ അറിയുവാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയകേന്ദ്രങ്ങളിലും സേവനം ലഭ്യമാകും.

**(4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?**

(a) കർഷകരാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം:

- ക്ഷീരകർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- മത്സ്യക്കൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

(b) അഞ്ചു ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

(c) ആധാർ പകർപ്പ്

(d) വയസ്സ് തെളിയിക്കുന്നതിനു രേഖയായി ഐഡന്റിറ്റി കാർഡ് / എസ്.എസ്.എൽ.സി. ബുക്ക് കോപ്പി

(e) കരം അടച്ച രസീത്

(f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

(e) രജിസ്ട്രേഷൻ ഫീസ് 100/- രൂപ

**(5) അംഗത്വകാർഡ്**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**(6) ആനുകൂല്യങ്ങൾ**

(a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും; എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും. (ഭാവിയിൽ അതു വർധിക്കും)

(b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ.

(c) മക്കളുടെ വിദ്യാഭ്യാസസഹായം

(d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹസഹായം.

(e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ടുതവണ ആനുകൂല്യം ലഭിക്കും.

(f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

(g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുമെന്നത് കർഷക കുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

(h) പെൻഷൻ തീയതിക്കുമുമ്പ് അനാരോഗ്യം കാരണം കാർഷികവൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതിമാസം പെൻഷൻ ലഭിക്കും.

(i) രോഗംമൂലമോ അപകടംമൂലമോ ശാരീരിക അവശത ഉണ്ടാകുന്നവർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരുമാനിക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

പ്രിയ സഹോദരങ്ങളേ,

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര – ചെറുകിട കർഷകർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാനതലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിട കർഷകർക്ക് ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ ചെയ്തു കൊടുക്കുന്നതിന് രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ചു പ്രവർത്തിക്കുക.

എത്ര പേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടിക്കൊടുത്തുവെന്ന് സംസ്ഥാന തലത്തിലേക്കു റിപ്പോർട്ട് ചെയ്യുക. പ്രതികൂലമായ കാലാവസ്ഥ, വന്യജീവിശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷികവൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷകജനതയ്ക്ക് സാധ്യമായ സാമൂഹ്യസുരക്ഷ ഏർപ്പെടുത്തുന്നതിന് നമ്മുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം.

യേശുക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ, ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
ലേബർ കമ്മീഷൻ

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി – 682 025

www.malankaralibrary.com



Page 1

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലി.

KSBCDC

ജില്ലാ ആഫീസ് : ഈരയിൽക്കടവ്, കോട്ടയം-1

ബസ് സ്റ്റോപ്പ് - മനോരമ ജംഗ്ഷൻ ഫോൺ : 0481 - 2303925, 2565704

(K.K. റോഡിൽ മനോരമ ജംഗ്ഷനിൽ നിന്നും ഈരയിൽ കടവു റോഡ് വഴി ഓഫീസിൽ എത്തിച്ചേരാവുന്നതാണ്.)

- കോർപ്പറേഷൻ നൽകിവരുന്ന വായ്പകൾക്കുള്ള അപേക്ഷാ ഫോറവും വിശദവിവരങ്ങളും എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2.45 വരെ ലഭിക്കുന്നതാണ്.
- പൂരിപ്പിച്ച അപേക്ഷാ ഫോറം എല്ലാ ബുധനാഴ്ച ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 2 മണി വരെ സ്വീകരിക്കുന്നതാണ്. ബുധനാഴ്ച പ്രവൃത്തിദിവസം അല്ലാതിരുന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം അപേക്ഷ സ്വീകരിക്കുന്നതാണ്. മറ്റു ദിവസങ്ങളിൽ അപേക്ഷാഫോറം സ്വീകരിക്കുന്നതല്ല. അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടതാണ്.
- വായ്പാ സംബന്ധമായ എല്ലാ ഇടപാടുകൾക്കും ഉച്ചയ്ക്ക് 3 മണിക്കു മുമ്പായി എത്തേണ്ടതാണ്. ഓഫീസ് സന്ദർശന സമയം ഉച്ചയ്ക്ക് 3 മണി വരെ മാത്രമാണ്.

## മറ്റു പിന്നോക്ക (OBC) വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കുള്ള പദ്ധതികൾ*

| നം. | പദ്ധതി | പരമാവധി വായ്പ തുക | പലിശ | പ്രായപരിധി കുറഞ്ഞത് | പ്രായപരിധി കൂടിയത് | കാലാവധി (മാസം) | പ്രതിമാസ തിരിച്ചടവ് | പരമാവധി വാർഷിക വരുമാന പരിധി (രൂപ) |
|---|---|---|---|---|---|---|---|---|
| 1. | സ്വയം തൊഴിൽ വായ്പ-1 | 1,00,000 | 6% | 18 | 55 | 60 | 1950 | 2,99,999 |
| 2. | സ്വയം തൊഴിൽ വായ്പ-2 | 2,00,000 | 6% | 18 | 55 | 60 | 3900 | 2,99,999 |
| 3. | സ്വയം തൊഴിൽ വായ്പ-3 | 5,00,000 | 6% | 18 | 55 | 72 | 8300 | 2,99,999 |
| 4. | സ്വയം തൊഴിൽ വായ്പ-4 | 10,00,000 | 7% | 18 | 55 | 84 | 15100 | 2,99,999 |
| 5. | വനിതകൾക്കുള്ള സ്വയം തൊഴിൽ വായ്പ | 1,00,000 | 5% | 18 | 55 | 60 | 1900 | 2,99,999 |
| 6. | വിദ്യാഭ്യാസ വായ്പ (കേരളത്തിൽ പഠിക്കുന്നതിന്) | 10 ലക്ഷം (പ്രതിവർഷം2 ലക്ഷം) | ആൺകുട്ടി 4% / പെൺകുട്ടി 3.5% | 16 | 32 | 60 | * * | 2,99,999 |
| 7. | വിദ്യാഭ്യാസ വായ്പ (കേരളത്തിന് വെളിയിൽ പഠിക്കുന്നതിന്) | 15 ലക്ഷം (പ്രതിവർഷം 3 ലക്ഷം) | ആൺകുട്ടി 4% / പെൺകുട്ടി 3.5% | 16 | 32 | 60 | * * | 2,99,999 |
| 8. | വിദ്യാഭ്യാസ വായ്പ (വിദേശത്ത് പഠിക്കുന്നതിന്) | 20 ലക്ഷം (പ്രതിവർഷം4 ലക്ഷം) | ആൺകുട്ടി 4% / പെൺകുട്ടി 3.5% | 16 | 32 | 60 | * * | 2,99,999 |
| 9. | സ്റ്റാർട്ടപ്പ് - (പ്രൊഫഷണൽ വിദ്യാഭ്യാസം-നേടിയവർക്കുള്ള സ്വയം തൊഴിൽ വായ്പ) | 20,00,000 | 6% - 7% | 18 | 55 | 84 | 15600 | 2,99,999 |
| 10. | റിട്ടേൺ പ്രവാസി പുനരുദ്ധാരണ വായ്പ (കരകൗശല മേഖലയിൽ ഉള്ളവർക്ക് | 20,00,000 | 6% - 7% | 18 | 55 | 84 | 15600 | 2,99,999 |
| 11. | മൈക്രോ ക്രെഡിറ്റ് വായ്പ (CDS-കൾക്ക്) | 200,00,000 | 2.5% - 3.3% | 18 | ഇല്ല | 36 | * * | 2,99,999 |

## മതന്യൂനപക്ഷത്തിൽ (ക്രിസ്ത്യൻ, മുസ്ലീം) ഉൾപ്പെടുന്നവർക്കുള്ള പദ്ധതികൾ*

(റോമൻ കത്തോലിക്കർ, യാക്കോബായ, മർത്തോമ, ലത്തീൻ കത്തോലിക്കർ തുടങ്ങിയ എല്ലാ ക്രിസ്ത്യൻ വിഭാഗക്കാർക്കും അപേക്ഷിക്കാം)

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1. | സ്വയം തൊഴിൽ വായ്പ A (Credit 1) | 1,00,000 | 6% | 18 | 55 | 60 | 1,950 | 97,999 | 1,19,999 |
| 2. | സ്വയം തൊഴിൽ വായ്പ B (Credit 1) | 2,00,000 | 6% | 18 | 55 | 60 | 3,900 | 97,999 | 1,19,999 |
| 3. | സ്വയം തൊഴിൽ വായ്പ C (Credit 1) | 15,00,000 | 6% | 18 | 55 | 60 | 2,9000 | 97,999 | 1,19,999 |
| 4. | സ്വയം തൊഴിൽ വായ്പ D (Credit 2) | 1,00,000 | Female 6% Male 8% | 18 | 55 | 60 | 1950-F 2050-M | 5,99,999 | |
| 5. | വിദ്യാഭ്യാസ വായ്പ E (Credit 2) | 2,00,000 | Female 6% Male 8% | 18 | 55 | 60 | 3900-F 4100-M | 5,99,999 | |
| 6. | സ്വയം തൊഴിൽ വായ്പ F (Credit 2) | 20,00,000 | Female 6% Male 8% | 18 | 55 | 60 | 38700-F 40600-M | 5,99,999 | |
| 7. | വിദ്യാഭ്യാസ വായ്പ (Credit 1) (കേരളത്തിൽ പഠിക്കുന്നതിന്) | 10 ലക്ഷം (പ്രതിവർഷം2 ലക്ഷം) | 3% | 16 | 32 | 60 | * * | 97,999 | 1,19,999 |
| 8. | വിദ്യാഭ്യാസ വായ്പ (Credit 1) (കേരളത്തിന് വെളിയിൽ പഠിക്കുന്നതിന് | 15 ലക്ഷം (പ്രതിവർഷം 3 ലക്ഷം) | 3% | 16 | 32 | 60 | * * | 97,999 | 1,19,999 |
| 9. | വിദ്യാഭ്യാസ വായ്പ (Credit 1) (വിദേശത്ത് പഠിക്കുന്നതിന്) | 20 ലക്ഷം (പ്രതിവർഷം 4 ലക്ഷം) | 3% | 16 | 32 | 60 | * * | 97,999 | 1,19,999 |
| 10. | വിദ്യാഭ്യാസ വായ്പ (Credit 2) (കേരളത്തിൽ പഠിക്കുന്നതിന്/ കേരളത്തിന് വെളിയിൽ പഠിക്കുന്നതിന് | 20 ലക്ഷം (പ്രതിവർഷം 4 ലക്ഷം) | Girls 5% Boys 8% | 16 | 32 | 60 | * * | 5,99,999 | |
| 11 | വിദ്യാഭ്യാസവായ്പ (Credit 2) (വിദേശത്ത് പഠിക്കുന്നതിന്) | 30 ലക്ഷം പ്രതിവർഷം 6 ലക്ഷം | Girls 5% Boys 8% | 16 | 32 | 60 | * * | 5,99,999 | |
| 12 | മൈക്രോ ക്രെഡിറ്റ് വായ്പ (CDS കൾക്ക്) (വിദേശത്ത് പഠിക്കുന്നതിന്) | 5000000 പ്രതിവർഷം 6 ലക്ഷം | 3.5% Boys 8% | | 18 | ഇല്ല | 36 | 97,999 | 1,19,999 |

* ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷാഫോറത്തിന്റെ വിതരണ**ത്തിൽ** നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

** പഠനകാലാവധിക്കും വായ്പാ തുകയ്ക്കും വായ്പാ കാലാവധിക്കും അനുസരിച്ച് തിരിച്ചടവ് തുക നിശ്ചയിക്കുന്നതാണ്.

Page 2

## മറ്റു പിന്നോക്ക, മതന്യൂനപക്ഷത്തിൽ (ക്രിസ്ത്യൻ,മുസ്ലിം) ഉൾപ്പെടുന്നവർക്കുള്ള പദ്ധതികൾ*

| നം. | പദ്ധതി | പരമാവധി വായ്പ തുക | പലിശ | പ്രായപരിധി കുറഞ്ഞത് | പ്രായപരിധി കൂടിയത് | കാലാവധി (മാസം) | പ്രതിമാസ തിരിച്ചടവ് | വാർഷിക വരുമാന പരിധി (രൂപ) പഞ്ചായത്ത് /മുനിസിപ്പൽ |
|---|---|---|---|---|---|---|---|---|
| 1. | വ്യാപാര വികസന വായ്പ | 5,00,000 | 9% | 18 | 55 | 72 | 9050 | 2,99,999 |
| 2. | വിവാഹ വായ്പ | 2,00,000 | 6% | 18 | 60 | 60 | 3900 | 2,99,999 |
| 3. | ഭവന വായ്പ (എന്റെ വീട്) (ഭവനരഹിതരായ OBC വിഭാഗക്കാർക്ക് മാത്രം) | 10,00,000 | 8% | 18 | 55 | | | 2,99,999 |
| 4. | വിദ്യാശ്രീ (വിദ്യാഭ്യാസ വായ്പ) | 3,00,000 | 6% | 16 | 32 | 60 | * * | 2,99,999 |
| 5. | സുവർണ്ണശ്രീ (വിവിധ ആവശ്യങ്ങൾക്ക്) | 3,00,000 | 9% | 18 | 55 | 72 | 5450 | 2,99,999 |
| 6. | പ്രവർത്തന മൂലധന വായ്പ | 3,00,000 | 8% | 18 | 55 | 72 | 5300 | 2,99,999 |
| 7. | ഭവന പുനരുദ്ധാരണ വായ്പ (സർക്കാർ/പൊതു മേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് മാത്രം) | 5,00,000 | 10% | 18 | 60 | 72 | 9300 | 7,99,999 |
| 8. | വാഹന വായ്പ-2 & 4 വീലർ (സർക്കാർ/പൊതു മേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് മാത്രം) | 6,00,000 | 9% | 18 | 60 | 72 | 10850 | 7,99,999 |
| 9. | വ്യക്തിഗത വായ്പ-(സർക്കാർ/പൊതു മേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് | 5,00,000 | 11.0% | 18 | 60 | 72 | 9550 | 7,99,999 |

## വായ്പ അപേക്ഷയോടൊപ്പം പൊതുവായി ഹാജരാക്കേണ്ട രേഖകൾ

- വില്ലേജാഫീസിൽ നിന്നുള്ള ജാതി വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- റേഷൻ കാർഡിന്റെ ഒറിജിനലും ഒന്നും രണ്ടും പേജിന്റെ ഒരു ഫോട്ടോകോപ്പിയും എ4 സൈസിൽ എടുത്തത്.
- തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡിന്റെ/ആധാർ കാർഡിന്റെ ഒർജിനലും ഒരു ഫോട്ടോകോപ്പിയും എ4 സൈസിൽ എടുത്തത്.
- എസ്.എൽ.എൽ.സി ബുക്ക് അല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റിന്റെ ഒർജിനലും ഒരു ഫോട്ടോകോപ്പിയും.
- സ്ഥലത്തിന്റെ കരം അടച്ച രസീതിന്റെ കോപ്പി, വീടിന്റെ കരം അടച്ച രസീത്
- വസ്തു ജാമ്യമാണെങ്കിൽ 4-ാം പേജിൽ പറഞ്ഞിട്ടുള്ള 9 രേഖകളും 400രൂപ വക്കീൽ ഫീസും.
- ഉദ്യോഗസ്ഥ ജാമ്യമാണെങ്കിൽ ഒറിജിനൽ ശമ്പളസർട്ടിഫിക്കറ്റും, ശമ്പളസർട്ടിഫിക്കറ്റിന്റെ ഒരു ഫോട്ടോകോപ്പിയും.
- അക്കൗണ്ടുള്ള ബാങ്കിന്റെ പാസ്സ്ബുക്കും (IFSC Code രേഖപ്പെടുത്തിയത്), ഫോട്ടോകോപ്പിയും. (ജനപ്രിയ അക്കൗണ്ടോ സീറോ ബാലൻസ് അക്കൗണ്ടോ ആകരുത്) - രണ്ട് മാസത്തിനകം ബാങ്ക് ഇടപാട് നടത്തിയിട്ടുള്ള ബാങ്ക് പാസ് ബുക്കിന്റെ കോപ്പി
- റേഷൻ കാർഡിൽ മറ്റ് വായ്പകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന് കുടിശ്ശികയില്ലെന്ന് ടി ബാങ്കിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.

## മേൽ പറഞ്ഞത് കൂടാതെ വിവിധ വായ്പകൾക്ക് താഴെ പറയുന്ന രേഖകൾ കൂടി ഹാജരാക്കണം

### സ്വയം തൊഴിൽ വായ്പ - 1,2 & A, B,D,E, വനിതകൾക്കുള്ള സ്വയം തൊഴിൽ വായ്പ

1. അപേക്ഷയോടൊപ്പം തന്നിട്ടുള്ള മാതൃകയിൽ പദ്ധതി വിവരം. (പ്രോജക്റ്റ് റിപ്പോർട്ട്)
2. തൊഴിൽ ആരംഭിക്കുന്നത് സ്വന്തം സ്ഥലത്താണെങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ കരം അടച്ച രസീതിന്റെ കോപ്പി. വാടക സ്ഥലത്താണെങ്കിൽ വാടകകരാറും കെട്ടിടത്തിന്റെ കരം അടച്ച രസീതിന്റെ കോപ്പി.
3. സ്വയംതൊഴിൽ വായ്പയെടുത്ത് ഓട്ടോറിക്ഷ/വാഹനം വാങ്ങുന്നതെങ്കിൽ അപേക്ഷകന്റെ ലൈസൻസും, ബാഡ്ജും, ഒറിജിനലും ഒരു ഫോട്ടോ കോപ്പിയും എ4 സൈസിൽ എടുത്തത്.
4. വാങ്ങാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ ഡീലറിൽ നിന്നുള്ള ക്വട്ടേഷൻ.

### സ്വയം തൊഴിൽ വായ്പ - 3,4 & C,F

1. അപേക്ഷകൻ തുടങ്ങുവാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ആകെ പദ്ധതി ചെലവ്, വരവ്, ലാഭം മറ്റിനങ്ങൾ എന്നിവ വിശദമായി പ്രതിപാദിച്ചിരിക്കണം.)
2. തൊഴിൽ ആരംഭിക്കുന്നത് സ്വന്തം സ്ഥലത്താണെങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ കരം അടച്ച രസീതിന്റെ കോപ്പി. വാടകസ്ഥലത്താണെങ്കിൽ ഉടമയുടെ സമ്മതപത്രവും കെട്ടിടത്തിന്റെ കരം അടച്ച രസീതിന്റെ കോപ്പി.

NB 1. സ്വയംതൊഴിൽ വായ്പ 3 & 4, C, F അപേക്ഷയോടൊപ്പം ആദ്യഘട്ടത്തിൽ ജാമ്യരേഖകൾ നല്കേണ്ടതില്ല. പദ്ധതി പരിശോധിച്ച് ഹെഡ് ഓഫീസിൽനിന്ന് അനുമതി ലഭിക്കുമ്പോൾ ജാമ്യം ഹാജരാക്കിയാൽ മതിയാകും.

2. സ്വയംതൊഴിൽ വായ്പ 2, 3, 4, B, C, F എന്നീ വായ്പകളിൽ പദ്ധതിയുടെ നടത്തിപ്പു പുരോഗതി പരിശോധിച്ച് 2 മുതൽ 5 ഗഡുക്കളായിട്ടാണ് വായ്പ നൽകുന്നത്.

Page 3

## വിദ്യാഭ്യാസ വായ്പ & വിദ്യാശ്രീ വായ്പ

**ജോലി സാദ്ധ്യതയുള്ള തൊഴിലധിഷ്ഠിത, സാങ്കേതിക, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പഠനത്തിനാണ് വായ്പ നൽകുന്നത്. ഗ്രാജുവേഷൻ, പോസ്റ്റ് ഗ്രാജുവേഷൻ, എം.ഫിൽ തുടങ്ങിയ കോഴ്സുകൾക്ക് വായ്പ ലഭ്യമാണ്. മതന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഡിപ്ലോമ പഠനത്തിനും വായ്പ ലഭിക്കും. മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയിരിക്കണം.**

1. വിദ്യാർത്ഥിയുടെ എസ്.എസ്.എൽ. സി ബുക്ക്, യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ.
2. പഠിക്കാനുദ്ദേശിക്കുന്ന കോഴ്സിന് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകാരമുണ്ടെന്ന് കാണിക്കുന്ന കത്തിന്റെ കോപ്പി കോളേജിൽ നിന്ന്. (നേഴ്സിംഗ് പഠനത്തിന് I.N.C അംഗീകാരം, എഞ്ചിനിയറിംഗ് A.I.C.T.E,...മുതലായവ)
3. കോഴ്സ് ഫീ, മറ്റ് ചിലവുകൾ എന്നിവ സംബന്ധിച്ച് സ്ഥാപനത്തിൽനിന്നും ലഭിച്ച വിശദമായ സ്റ്റേറ്റ്മെന്റ്.
4. റേഷൻകാർഡിന്റെ 1,2 പേജുകളുടെയും വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും ഫോട്ടോയും തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും (ഒറിജിനലും കൊണ്ടുവരണം)
5. Distant Education/Off Campus തുടങ്ങിയ കോഴ്സുകൾക്ക് വായ്പ ലഭിക്കുകയില്ല.

**NB**: പഠിക്കാനുദ്ദേശിക്കുന്ന കോഴ്സിന് വായ്പ ലഭ്യമാകുന്നതാണോ എന്ന് അപേക്ഷ വാങ്ങിക്കുമ്പോൾ തന്നെ ഉറപ്പുവരുത്തേണ്ടതും തുടർന്നു മാത്രം ജാമ്യ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

### മൈക്രോ ക്രെഡിറ്റ് വായ്പ / മഹിളാ സമൃദ്ധി യോജന വായ്പ

നന്നായി പ്രവർത്തിച്ചുവരുന്നതും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ശുപാർശ ചെയ്യുന്നതുമായ കുടുംബശ്രീ C.D.S കൾക്കാണ് ഈ വായ്പ നൽകുന്നത്. C.D.S കൾ ഈ വായ്പ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. വിശദവിവരങ്ങൾ ജില്ലാ ഓഫീസിൽ നിന്ന് ലഭിക്കും.

### വ്യാപാര വികസന വായ്പ

കുറഞ്ഞത് 2 വർഷമായി നന്നായി പ്രവർത്തിച്ചുവരുന്ന വ്യാപാര / വ്യവസായ സ്ഥാപനങ്ങളുടെ വികസനത്തിനായാണ് ഈ വായ്പ നൽകുന്നത്.

1. അപേക്ഷയോടൊപ്പം തന്നിട്ടുള്ള മാതൃകയിൽ പദ്ധതി വിവരം. (പ്രോജക്ട് റിപ്പോർട്ട്).
2. വ്യാപാരം അല്ലെങ്കിൽ വ്യവസായം നടത്തുന്നതിനുള്ള ലൈസൻസിന്റെ കോപ്പി. മുൻവർഷത്തെ ലൈസൻസും ഹാജരാക്കണം
3. സ്ഥാപനത്തിന്റെ ഫോട്ടോ

### വിവാഹവായ്പ

വിവാഹവായ്പ വധുവിനോ, വധുവിന്റെ മാതാപിതാക്കൾക്കോ, അതേ റേഷൻകാർഡിൽ പേരുള്ള സഹോദരി സഹോദരന്മാർക്കോ അപേക്ഷിക്കാവുന്നതാണ്. വിവാഹത്തിനു മുൻപ് അപേക്ഷ നൽകേണ്ടതാണ്.

1. വധുവിന്റെ വയസ്സ് തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി ബുക്ക് അല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റിന്റെ അല്ലെങ്കിൽ തിരിച്ചറിയൽ കാർഡിന്റെ കോപ്പി, വിവാഹ ക്ഷണക്കത്ത്.
2. വിവാഹ നിശ്ചയം കഴിഞ്ഞ് വിവാഹ തീയതി ഉറപ്പിച്ചതിന്റെ തെളിവ് / വാർഡ് മെമ്പർ നൽകുന്ന സാക്ഷ്യം.

### സുവർണ്ണശ്രീ വായ്പ / പ്രവർത്തന മൂലധന വായ്പ

1. വായ്പയെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിവരങ്ങൾ കാണിക്കുന്ന പ്രോജക്റ്റ് റിപ്പോർട്ട് ആഫീസിൽ നിന്ന് തന്നിട്ടുള്ള മാതൃകയിൽ അല്ലെങ്കിൽ വെള്ള പേപ്പറിൽ എഴുതിയത്. പ്രവർത്തന മൂലധന വായ്പയ്ക്ക് ഇപ്പോൾ നടത്തുന്ന സ്ഥാപനത്തിന്റെ ഫോട്ടോ ഹാജരാക്കണം.
2. പദ്ധതി നടത്തുന്നത് അപേക്ഷകന്റെ സ്വന്തം സ്ഥലത്താണെങ്കിൽ അതിന്റെ കെട്ടിട നികുതി/ഭൂനികുതി രസീതിന്റെ കോപ്പി. വാടക സ്ഥലത്താണെങ്കിൽ ഉടമയുടെ സമ്മതപത്രവും കെട്ടിട നികുതി/ഭൂനികുതി രസീതിന്റെ കോപ്പിയും.
3. വാഹനം, കമ്പ്യൂട്ടർ എന്നിവ വാങ്ങാനാണെങ്കിൽ ഡീലറിൽ നിന്നുള്ള ക്വട്ടേഷൻ.
4. വായ്പയെടുക്കുന്നത് വീട് റിപ്പയറിങ്ങിനാണെങ്കിൽ അതിന്റെ വിശദമായ എസ്റ്റിമേറ്റ്-വെള്ള പേപ്പറിൽ തയ്യാറാക്കിയത്, കെട്ടിട നികുതി രസീത്.

### വാഹന വായ്പ

1. ഡീലറിൽ നിന്നുള്ള ക്വട്ടേഷൻ 2. ശമ്പള സർട്ടിഫിക്കറ്റ്

### ഭവന പുനരുദ്ധാരണ വായ്പ

1. പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്ന വീട് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ആധാരത്തിന്റെ കോപ്പി, വീട്ടുകരം എന്നിവ അടച്ചതിന്റെ കോപ്പികളും (സ്ഥലം അപേക്ഷകന്റെ ഭാര്യ/ഭർത്താവ് - പേരിലുള്ളതാണെങ്കിൽ അയാളിൽ നിന്നുള്ള സമ്മതപത്രം ആവശ്യമാണ്.)
2. വിശദമായ എസ്റ്റിമേറ്റ് Licensed Engineer /Supervisor തയ്യാറാക്കിയത്. വായ്പ രണ്ടു ഘട്ടമായി മാത്രമേ നല്കുകയുള്ളൂ. ആദ്യഗഡു വിനിയോഗിച്ചതിന്റെ വിലയിരുത്തലിനുശേഷം മാത്രമേ രണ്ടാം ഗഡു വിതരണം ചെയ്യുകയുള്ളൂ.
3. പുതുക്കിപ്പണിയുന്ന വീടിന്റെ ഫോട്ടോ.
4. ശമ്പള സർട്ടിഫിക്കറ്റ്

### വ്യക്തിഗത വായ്പ

1. ശമ്പള സർട്ടിഫിക്കറ്റ് / ഇൻകം ടാക്സ് റിട്ടേൺ

Page 4

## ജാമ്യ വ്യവസ്ഥകൾ

- കോർപ്പറേഷൻ നൽകിവരുന്ന വായ്പകൾക്ക് ജാമ്യം ആവശ്യമാണ്.
- 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഉദ്യോഗസ്ഥ ജാമ്യം അല്ലെങ്കിൽ വസ്തുജാമ്യം സ്വീകരിക്കുന്നതാണ്.
- 5 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള വായ്പകൾക്ക് വസ്തുജാമ്യം നിർബന്ധമാണ്.

### ഉദ്യോഗസ്ഥ ജാമ്യം

- കേരള സർക്കാർ/പൊതുമേഖലാ ജീവനക്കാരുടേയും, കേരളത്തിൽ സേവനമനുഷ്ഠിക്കുന്ന കേരള സംസ്ഥാനത്ത് സ്ഥിരതാമസവുമുള്ള കേന്ദ്ര സർക്കാർ/പൊതുമേഖലാ ജീവനക്കാരുടേയും ജാമ്യം സ്വീകരിക്കുന്നതാണ്.
- A Grade/ അഥവാ Special Grade ഉള്ള സഹകരണബാങ്കുകൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ (ഉദാ: മിൽമ) എന്നിവരുടെ ജാമ്യം സ്വീകരിക്കുന്നതാണ്. Grade സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കണം. 14-07-1997നു ശേഷം ജോലിയിൽ പ്രവേശിച്ച എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ജോലിയിൽ പ്രൊട്ടക്ഷൻ ഉണ്ടെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് മേലധികാരിയിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.
- റിക്കവറി അണ്ടർടേക്കിംഗ് നൽകിയിട്ടുള്ള ഒരു ശമ്പള സർട്ടിഫിക്കറ്റിൽ മൊത്തം ശമ്പളത്തിന്റെ 8 മടങ്ങ്.
- റിക്കവറി അണ്ടർടേക്കിംഗ് നൽകിയിട്ടില്ലാത്ത (കേന്ദ്ര സർക്കാർ / പൊതുമേഖല ജീവനക്കാരുടെ) ഒരു ശമ്പള സർട്ടിഫിക്കറ്റിൽ മൊത്തം ശമ്പളത്തിന്റെ 5 മടങ്ങ് വരെ വായ്പ നിബന്ധനകൾ വിധേയമായി അനുവദിക്കുന്നതാണ്.
- ശമ്പള സർട്ടിഫിക്കറ്റ് ജാമ്യത്തിൽ നൽകാവുന്ന പരമാവധി വായ്പക്ക് എത്ര ശമ്പള സർട്ടിഫിക്കറ്റ് വേണമെങ്കിലും കൂട്ടായി നൽകാവുന്നതാണ്.

  ജാമ്യം നിൽക്കുന്ന ഉദ്യോഗസ്ഥന് ആകെ ശമ്പളത്തിന്റെ 60% ത്തിൽ അധികം കിഴിവുകൾ പാടില്ല.
- ജാമ്യക്കാരന് കുറഞ്ഞത് 6 വർഷമെങ്കിലും സർവ്വീസ് ബാക്കി ഉണ്ടായിരിക്കണം (സർവ്വീസ് കാലാവധി കുറഞ്ഞ - പരമാവധി 50 മാസം - വരെയുള്ള ശമ്പള സർട്ടിഫിക്കറ്റ് നിബന്ധനകൾക്ക് വിധേയമായി സ്വീകരിക്കാവുന്നതാണ്). വിദ്യാഭ്യാസ വായ്പക്ക് ജാമ്യക്കാരന് കോഴ്സ് കാലാവധി +61/2 വർഷം സർവ്വീസ് ബാക്കി ഉണ്ടായിരിക്കണം.
- K.S.E.B., P.W.D., K.W.A. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന ശമ്പള സർട്ടിഫിക്കറ്റുകൾ അസി. എക്സി. എൻജിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ ഒപ്പിടേണ്ടതാണ് / മേലൊപ്പ് ഇടേണ്ടതാണ്.
- ഉദ്യോഗസ്ഥർക്കു നൽകേണ്ട വായ്പയിൽ, തിരിച്ചടവ് വായ്പക്കാരന്റെ കിഴിവ് കഴിഞ്ഞുള്ള ശമ്പളത്തിന്റെ മൂന്നിൽ ഒന്നായി നിജപ്പെടുത്തുന്ന രീതിയിൽ വായ്പാ തുക ക്രമീകരിക്കുന്നതായിരിക്കും.
- വ്യവസ്ഥകൾക്ക് വിധേയമായി ഉദ്യോഗസ്ഥന്റെ സ്വന്തം ജാമ്യത്തിൽ 2,00000 രൂപ വരെ വാഹന /സ്വസ്ഥഗൃഹ/ വ്യക്തിഗത/ വായ്പ അനുവദിക്കുന്നു. ടി. വായ്പയുടെ കരാറിൽ അപേക്ഷകന്റെ ഭാര്യ / ഭർത്താവ് ഒപ്പു വയ്ക്കേണ്ടതാണ്.

### വസ്തു ജാമ്യം

| വസ്തു ജാമ്യത്തിന് ഹാജരാക്കേണ്ട രേഖകൾ | പ്രത്യേക ശ്രദ്ധയ്ക്ക് |
|---|---|
| 1. ആധാരം.<br>2. മുന്നാധാരം.<br>3. കരം രസീത് (ഈ സാമ്പത്തിക വർഷം അടച്ചത്)<br>4. കൈവശാവകാശ സർട്ടിഫിക്കറ്റ്.<br>5. ലൊക്കേഷൻ സർട്ടിഫിക്കറ്റ് (സ്കെച്ച് വരച്ച് അതിൽ അതിരുകളും, വഴിയും രേഖപ്പെടുത്തിയത്)<br>6. ജപ്തി രഹിത സർട്ടിഫിക്കറ്റ് (റവന്യൂ റിക്കവറി നടപടി ഇല്ലെന്നുള്ള സർട്ടിഫിക്കറ്റ്)<br>7. മതിപ്പുവില സർട്ടിഫിക്കറ്റ് (5 ലക്ഷത്തിൽ കൂടുതൽ വിലയുള്ള ഭൂമി തഹസിൽദാർ വില നിർണ്ണയിക്കേണ്ടതാണ്)<br>8. 14 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, (ബാദ്ധ്യതാ സർട്ടിഫിക്കറ്റ്) സബ് രജിസ്ട്രാർ ഓഫിസിൽ നിന്നും ലഭിച്ചത് | ➢ പട്ടയം ലഭിക്കാത്ത ഭൂമി ജാമ്യമായി സ്വീകരിക്കുന്നതല്ല. (ഉദാ:- കാണം, കുഴിക്കാണം, വെറും പാട്ടം മുതലായവ) ആയതിനാൽ സർട്ടിഫിക്കറ്റുകൾ എടുക്കുന്നതിനു മുമ്പ് ഈ സ്ഥലത്തിന് പട്ടയം/ജന്മാവകാശം/പണ്ടാരവക അവകാശം ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.<br>➢ മതിപ്പുവില സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള വിലയുടെ 80 ശതമാനമാണ് വായ്പ തുകയായി നൽകുന്നത്.<br>➢ 4 സെന്റിൽ കുറവുള്ള ഗാർഹിക ഭൂമി ജാമ്യത്തിന് സ്വീകരിക്കുന്നതല്ല.<br>➢ ആധാരം ലീഗൽ പരിശോധനയ്ക്കായി 400/- രൂപ വക്കീൽ ഫീസ് അടയ്ക്കണം. |

**വായ്പ തുകയുടെ 0.75% തുക പ്രോസസിംഗ് ഫീസ് അടയ്ക്കണം.**
**കരാർ ഒപ്പിടുന്നതിന് ആവശ്യമായ മുദ്രപത്രങ്ങൾ ഹാജരാക്കണം**

വായ്പാ അപേക്ഷകൾ എല്ലാ പ്രവൃത്തിദിവസവും 10 മണി മുതൽ 2.45 മണി വരെ ലഭിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷകൾ ബുധനാഴ്ച ദിവസം രാവിലെ 10 മണി മുതൽ 2 മണി വരെ സ്വീകരിക്കുന്നതാണ്.

എല്ലാ ഇടപാടുകൾക്കും 3 മണിക്കു മുമ്പായി എത്തേണ്ടതാണ്.
ഓഫീസ് സന്ദർശനസമയം ഉച്ചയ്ക്ക് 3 മണി വരെ മാത്രമാണ്.

www.malankaralibrary.com



# കർഷകദളങ്ങളിൽനിന്ന് കർഷക ഉത്പാദകകമ്പനികളിലേക്ക്

ഫാ. തോമസ് കിഴക്കേൽ *(Director, PSWS, Eparchy of Palai)*

## പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി

കാർഷികമേഖല കടുത്ത പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കെ പാലാ രൂപതയുടെ അഭിവന്ദ്യമെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രഖ്യാപിച്ച കർഷക ശക്തീകരണപദ്ധതിയായിരുന്നു കർഷകബാങ്ക്. കൃഷി കൂടുതൽ വ്യാപകമാക്കാനും യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കാനും കാർഷിക വിളകൾക്കും ഉത്പന്നങ്ങൾക്കും ന്യായവില ഉറപ്പുവരുത്താനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ രക്ഷിക്കാനും മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിലൂടെ കർഷകർക്ക് കൂടുതൽ തൊഴിലവസരവും വരുമാന വർദ്ധനവും ഉറപ്പുവരുത്താനും ലക്ഷ്യം വച്ചുകൊണ്ടാണ് കർഷകബാങ്ക് രൂപീകരിച്ചത്.

കേന്ദ്രസംസ്ഥാനസർക്കാരുകൾ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി പൊതുവേയും കാർഷികമുന്നേറ്റത്തിനായി വിശേഷിച്ച് അനുവദിക്കുന്ന ധനസഹായങ്ങൾ വ്യക്തിഗതമായല്ല; മറിച്ച്, ഗ്രൂപ്പുതലത്തിലായതുകൊണ്ട് പത്തുമുതൽ ഇരുപതുവരെ കർഷകർ അംഗങ്ങളായ കർഷകക്കൂട്ടായ്മകൾ 'കർഷകദളങ്ങൾ' എന്ന പേരിൽ രൂപതയിലുടനീളം രൂപീകരിക്കുകയുണ്ടായി. കാഞ്ഞിരമറ്റം, മൂഴൂർ, മാൻവെട്ടം തുടങ്ങിയ ഇടവകപ്പള്ളികളോടു ചേർന്നാണ് കൂടുതൽ കർഷകദളങ്ങൾ നിലവിൽ വന്നത്. ഇടവകതലത്തിലുള്ള കർഷകദളഫെഡറേഷനുകളെത്തുടർന്ന് 18 ഇടങ്ങളിൽ നബാർഡിന്റെ അംഗീകാരത്തോടെ ഫാർമേഴ്സ് ക്ലബ്ബുകളും രൂപീകരിക്കപ്പെട്ടു. ഇവയുടെ നേതൃത്വത്തിൽ കർഷകർക്കായി വിവിധ പരിശീലനപരിപാടികൾ PSWS ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ടു. ഇതിന്റെ തുടർച്ചയായി വിവിധ യൂണിറ്റുകളിൽ കാർഷിക മൂല്യവർദ്ധിത ഉത്പന്നനിർമ്മാണ യൂണിറ്റുകളും ഇതര തൊഴിൽ സംരംഭങ്ങളും ആരംഭിക്കുകയുണ്ടായി. കാഞ്ഞിരമറ്റം, മൂഴൂർ, വെള്ളിയാമറ്റം, മാൻവെട്ടം, തീക്കോയി, മണ്ണയ്ക്കനാട്, ഫാത്തിമാപുരം, ജയ്ഗിരി, വയലാ തുടങ്ങി വിവിധ ഇടവകകളിൽ ഇത്തരം വൈവിധ്യമാർന്ന സംരംഭങ്ങൾക്കു തുടക്കം കുറിച്ചു. ഒട്ടേറെപ്പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും വരുമാനവർദ്ധനവിനും സംരംഭങ്ങൾ സഹായകമായിട്ടുണ്ട്.

കാർഷികവിളകൾക്കും ഉത്പന്നങ്ങൾക്കും ന്യായവില ലഭിക്കാതെ കർഷകജനത കടുത്ത പ്രതിസന്ധിയിലകപ്പെട്ടവേ ഭരണകൂടനിസംഗതയ്ക്കെതിരേ കർഷകവികാരം ഉയർത്തിപ്പിടിച്ച് പാലാ രൂപത 2019 ഡിസംബർ 14 ന് പാലായിൽ കർഷക മഹാസംഗമം സംഘടിപ്പിക്കുകയുണ്ടായി. ടൗൺ കുരിശുപള്ളി അങ്കണത്തിൽ നടന്ന കർഷക മഹാസംഗമസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കവേ, രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് 2020 നെ കർഷകവർഷമായി പ്രഖ്യാപിച്ചു. PSWS, കത്തോലിക്കാ കോൺഗ്രസ്, SMYM, ഇൻഫാം തുടങ്ങി വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കർഷകവർഷത്തോടനുബന്ധിച്ച് ഒട്ടേറെ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

കോവിഡ് 19 ന്റെ വരവോടെ സാമൂഹിക ഏകോപനം അസാധ്യമായപ്പോൾ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് PSWS ന്റെ ആഭിമുഖ്യത്തിൽ പാലായിലുള്ള അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽനിന്നു മൂന്നു ലക്ഷത്തോളം പച്ചക്കറിത്തൈകൾ, എഴുപതിനായിരത്തോളം ഗ്രോബാഗുകൾ, വൈവിധ്യമാർന്ന പ്ലാവ്, മാവ് തുടങ്ങി ഫലവൃക്ഷത്തൈകളും




വിതരണം ചെയ്തു. കാർഷികരംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ കർഷകകുടുംബങ്ങൾ, കർഷകസംരംഭകർ എന്നിവരെയും പള്ളികളോടു ചേർന്ന് മികച്ച കൃഷിയിടം ഒരുക്കിയ വൈദികരെയും മികച്ച വിളനിലം തീർത്ത സന്ന്യാസിനീമഠങ്ങളെയും രൂപതാതലത്തിൽ അവാർഡു നൽകി ആദരിക്കുകയുണ്ടായി.

കർഷകവർഷാചരണസമാപനത്തോടനുബന്ധിച്ച് 2021 മുതൽ 2030 വരെ പത്തു വർഷക്കാലം പാലാ രൂപതയ്ക്ക് 'കർഷകദശക'മായി അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രഖ്യാപിച്ചു. രൂപതയുടെ ആഭിമുഖ്യത്തിൽത്തന്നെ കാർഷികമൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള കാർഷികസംരംഭങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിനായി പാലാ മുണ്ടുപാലത്തുള്ള സ്റ്റീൽ ഇന്ത്യാ കാമ്പസിൽ ആറേക്കറോളം സ്ഥലം അഭിവന്ദ്യ പിതാവ് അനുവദിക്കുകയുണ്ടായി. പാലാക്കാരുടെ കർഷികവിളകൾ സംഭരിച്ച്, സംസ്കരിച്ച്, മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കിമാറ്റുന്ന മൾട്ടി ഡ്രയർ യൂണിറ്റുകളോടു കൂടിയ ഒരു അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികളിലാണിപ്പോൾ.

പാലാ രൂപതയ്ക്കുള്ളിലെ നാനാജാതിമതസ്ഥരായ കർഷകരെ ഓഹരി ഉടമകളാക്കി കർഷക ഉത്പാദകസംഘടനകൾ ഇതിന്റെ ഭാഗമായി രൂപീകരിക്കപ്പെടും. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സ്മോൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യത്തിന്റെയും നബാർഡിന്റെയും അംഗീകാരവും ധനസഹായവും ഉറപ്പുവരുത്തിക്കൊണ്ട് ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതാണ്. ഓരോ കർഷകനും രണ്ടായിരം രൂപ മുടക്കി കമ്പനികളുടെ ഓഹരി ഉടമകളാകാം. കൂടുതൽ ഓഹരികൾ ആവശ്യമുള്ളവർക്ക് നിയമാനുസൃതം നൂറ് ഓഹരികൾവരെ എടുക്കാനാകും. ഓഹരിയുടമകളുടെ പൊതുയോഗത്തിൽനിന്നു തിരഞ്ഞെടുക്കുന്ന ഡയറകടർ ബോർഡാണ് കമ്പനിയുടെ അനുദിനപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്. കമ്പനിയുടെ ഉടമസ്ഥതയിൽ ആരംഭിക്കുന്ന സംരംഭങ്ങളിൽ ഓഹരി ഉടമകൾക്ക് തൊഴിലവസരം ഉറപ്പുവരുത്താനാകും. കൂടാതെ, കർഷകർക്ക് തങ്ങളുടെ കൃഷി വിപുലപ്പെടുത്തി ഉത്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാനും അവ മൂല്യവർദ്ധിതമായി അധികവരുമാനം സമ്പാദിക്കുവാനും സാധിക്കും. കമ്പനിയുടെ വളർച്ചയ്ക്കനുസരിച്ച് ഓഹരി വിലയ്ക്കു വരുന്ന വർദ്ധനവിന്റെ ആനുകൂല്യം കൂടാതെ കമ്പനിയുടെ ലാഭവിഹിതവും എല്ലാ ഓഹരി ഉടമകൾക്കും ലഭിക്കുന്നതാണ്.

നൂതന സാങ്കേതികവിദ്യയും യന്ത്രോപകരണങ്ങളും ഉപയോഗിച്ചുകൊണ്ടാണ് സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ആഭ്യന്തരവിപണിയിൽ ഇടവകതല ഔട്ട്ലെറ്റുകളിലൂടെ ഫലപ്രദമായി ഇടപെടാനും ഓൺലൈൻ മാർക്കറ്റിങ് ആരംഭിക്കാനും പദ്ധതിയുണ്ട്. വിദേശവിപണിയിലേക്ക് ഉത്പന്നങ്ങൾ കയറ്റുമതി ചെയ്തുകൊണ്ട് പാലാക്കാരുടെ കർഷകപുണ്യം ആഗോളതലത്തിൽ അനുഭവപ്പെടുത്തുവാൻ കർഷക ഉത്പാദനസംഘടനകൾ വഴിതുറക്കും.

## കർഷക ഉത്പാദകസംഘടനകൾ

കാർഷികരംഗത്ത് നവമുന്നേറ്റം ലക്ഷ്യം വെച്ചുകൊണ്ട് കർഷകക്കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഭാരതസർക്കാർ രാജ്യവ്യാപകമായി 10000 കർഷക ഉത്പാദകസംഘടനകൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. തരിശുനിലങ്ങളെ കൃഷിഭൂമികളാക്കി കൃഷിയിലും അനുബന്ധ തൊഴിൽ മേഖലകളിലേക്കും ഗ്രാമീണജനങ്ങളെ ആകർഷിക്കുവാൻ ലക്ഷ്യംവെച്ചാണ് കർഷക ഉത്പാദകസംഘടനകൾ രൂപീകരിക്കുന്നത്. കൃഷി വ്യാപകമാക്കുന്നതിനോടൊപ്പം കാർഷികവിളകളുടെയും ഉത്പന്നങ്ങളുടെയും ന്യായവില കർഷകർക്ക് നേടിയെടുക്കുവാനും കർഷക ഉത്പാദകസംഘടനയിലൂടെ സാധിക്കും. കാർഷികവിളകൾ സംഭരിച്ച് അതിനൂതന സാങ്കേതികവിദ്യയിലൂടെ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റാനും വിപണനരംഗത്ത് ഫലപ്രദമായ ഇടപെടലുകൾ നടത്താനും കർഷക ഉത്പാദക സംഘടനകൾക്കു സാധിക്കും. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നു കർഷകരെ സംരക്ഷിക്കാനും അധ്വാനത്തിന്റെ വില കർഷക ജനതയ്ക്ക് നേടിയെടുക്കാനും കർഷക ഉത്പാദനസംഘടനകളിലൂടെ സാധിക്കും. കർഷക ഉത്പാദകസംഘടനകളുടെ ഏകോപനത്തിലൂടെ ഉത്പന്നങ്ങളുടെ വിപണനശൃംഖല സജ്ജമാക്കുവാനും വൻകിട കമ്പനികളുടെ വിപണി സമ്മർദ്ദത്തിൽനിന്നു കർഷകർക്ക് ആശ്വാസം പകരുവാനും ഉത്പാദകസംഘടനകൾ വഴിതുറക്കും.

www.malankaralibrary.com



ഗ്രാമീണമേഖലയിൽ പത്തിൽ കുറയാത്ത കർഷകർ ഒത്തുചേർന്ന് ഒരു കർഷക ഉത്പാദകസംഘടന രൂപീകരിക്കുവാനാകും. അഞ്ചുപേരിൽ കുറയാത്ത ഒരു ഡയറക്ടർ ബോർഡും ബോർഡിന് ഒരു ചെയർമാനും ബോർഡ് അംഗമല്ലാത്ത ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സംഘടനയ്ക്ക് ഉണ്ടാവണം. പരമാവധി എത്ര കർഷകരെ അംഗങ്ങൾ ആക്കണമെന്നത് അതത് ഡയറക്ടർ ബോർഡിനും പൊതുയോഗത്തിനും തീരുമാനിക്കാനാകും. ഇന്ത്യാ ഗവൺമെന്റിന്റെ കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രൂപീകരിക്കുന്നതിനാൽ ഫാർമർ പ്രൊഡ്യൂസർ കമ്പനിയെന്നും വിളിക്കപ്പെടുന്ന കർഷക ഉത്പാദകസംഘടനകളിൽ ഓരോ അംഗവും ഓഹരി ഉടമ ആയിരിക്കും. ഓഹരിയുടെ വിലയും അതിന്റെ പരിധിയും ഡയറക്ടർ ബോർഡിനും ജനറൽ ബോഡിക്കും തീരുമാനിക്കുവാനാകും.

രാജ്യവ്യാപകമായി 10000 കർഷക ഉത്പാദകസംഘടനകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ചെറുകിട വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ (SFAC) 97 ഏജൻസികൾ അവ രൂപീകരിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ കേരളത്തിലെ മൂന്ന് സംഘടനകളിൽ ഒന്ന് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയാണെന്നുള്ള കാര്യം സന്തോഷപൂർവം പങ്കുവയ്ക്കട്ടെ. നബാർഡിന്റെ നേതൃത്വത്തിലും ഇപ്രകാരം കർഷക ഉത്പാദകസംഘടനകൾ രൂപീകരിക്കപ്പെടുന്നുണ്ട്. കാഞ്ഞിരപ്പള്ളി രൂപതയുടെ പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുമായി ചേർന്ന് ളാലം ബ്ലോക്കിൽ, വിശിഷ്യാ, മീനച്ചിൽ പഞ്ചായത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും ആ സദുദ്യമത്തിൽ പങ്കാളിയാണ്. നമ്മുടെ രൂപതയിൽ ആദ്യമായി PSWS ന്റെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സഹായത്തോടെ കാഞ്ഞിരമറ്റത്ത് നാലു വർഷം മുമ്പാരംഭിച്ച കാഞ്ഞിരമറ്റം അഗ്രോപ്രൊഡ്യൂസർ കമ്പനി ഈ രംഗത്ത് ഒരു മാതൃകയായി മാറിയിരിക്കുന്നുവെന്നത് നമുക്ക് അഭിമാനാർഹമാണ്.

സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ (SFAC) 50 കർഷക ഉത്പാദകസംഘടനകൾ സംസ്ഥാനവ്യാപകമായി ആരംഭിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. കോട്ടയം ജില്ലയിൽ ഇപ്രകാരമുള്ള ആകെ നാല് കർഷക ഉത്പാദകസംഘടനകളിൽ ഒന്ന് പാലായിൽ അനുവദിക്കപ്പെടുന്നതിന് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി യഥാസമയം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പാലാ കേന്ദ്രീകരിച്ച് പുതിയൊരു കർഷക ഉത്പാദക സംഘടനയുടെ രജിസ്ട്രേഷൻ നടപടികളും പുരോഗമിച്ചുവരുന്നു.

**കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നാട്ടിൽ മടങ്ങിയെത്തിയ പ്രവാസിസുഹൃത്തുക്കൾക്കും നമ്മുടെ രൂപതാംഗങ്ങളായ എല്ലാ കർഷക കുടുംബങ്ങൾക്കും പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയിൽ ഓഹരിയെടുത്ത് അംഗങ്ങളായി കർഷകസംരംഭകരാകാൻ സാധിക്കുന്നതാണ്.**

സംരംഭകത്വമനോഭാവമുള്ള കർഷകർ ഓഹരിയുടമകളാകുന്ന കർഷക ഉത്പാദകസംഘടനകൾ / കമ്പനികൾക്ക് തങ്ങളുടെ പ്രദേശത്തിന്റെ സാധ്യതകളും സാഹചര്യങ്ങളും അടിസ്ഥാനപ്പെടുത്തി വിവിധങ്ങളായ വരുമാനവർദ്ധകപരിപാടികൾ ആവിഷ്കരിക്കാനാകും. കിഴങ്ങുവർഗങ്ങളും ഫലവർഗങ്ങളും സമൃദ്ധമായുണ്ടാകുന്ന നമ്മുടെ ഗ്രാമങ്ങളിൽ കപ്പയും ചേനയും ചേമ്പുമടക്കം കിഴങ്ങുവർഗങ്ങളും ചക്ക, വാഴപ്പഴം, കൈതച്ചക്ക തുടങ്ങിയ ഫലവർഗങ്ങളും, ജാതി, ഗ്രാമ്പൂ തുടങ്ങിയ സുഗന്ധവിളകളും അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പാദന യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയണം. നൂതന സാങ്കേതികവിദ്യയും പരിശീലനങ്ങളും നബാർഡ്, കൃഷിവിജ്ഞാനകേന്ദ്രങ്ങൾ കിഴങ്ങുവർഗ ഗവേഷണകേന്ദ്രം, കാർഷികസർവകലാശാലകൾ തുടങ്ങിയവയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നതിനൊപ്പം നബാർഡ്, സംസ്ഥാന കൃഷിവകുപ്പ്, വിവിധ ബാങ്കുകൾ എന്നിവയിലൂടെ ഗ്രാന്റുകളും സബ്സിഡിയും നാമമാത്ര പലിശയോടുകൂടിയ വായ്പകളും നേടിയെടുക്കാനാകും. മൊബൈൽ മാർക്കറ്റിങ്, ഓൺലൈൻ മാർക്കറ്റിങ് തുടങ്ങി ശൃംഖല വിപണനത്തിനും വിവിധ ഏജൻസികളുടെ സഹായസഹകരണം നേടിയെടുക്കാനാകും.

കാർഷിക-വ്യവസായരംഗത്തേക്കു യുവതലമുറയെ ആകർഷിക്കുവാനും ഗുണമേന്മയുള്ള ഉത്പന്നലഭ്യതയും തൊഴിലവസരങ്ങളും വരുമാന വർദ്ധനവും ഉറപ്പുവരുത്തുവാനും സാധിക്കുന്ന കർഷക ഉത്പാദകസംഘടനകൾ ഗ്രാമീണഭാരതത്തിന് ഒരു പുത്തൻ തരംഗമായി മാറുകയാണ്.

### പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

പാലാ രൂപതയ്ക്കുള്ളിലെ കർഷകരുടെ ക്ഷേമം ലക്ഷ്യംവെച്ചുകൊണ്ട് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച കർഷക ഉത്പാദകക്കൂട്ടായ്മയാണ്. പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. കാർഷികമേഖലയിൽ വർദ്ധിച്ചുവരുന്ന ഉത്പാദനച്ചെലവുകൾ, വായ്പലഭ്യതയിലെ അനിശ്ചിതത്വം, വിപണനമേഖലയിലെ ചൂഷണം, ന്യായവില ലഭിക്കാത്ത അവസ്ഥ തുടങ്ങിയ കാരണങ്ങളാൽ നമ്മുടെ കർഷകർ നിരവധി വെല്ലുവിളികളെ നേരിടുകയാണ്. ഇന്നത്തെ മത്സരാധിഷ്ഠിത സമ്പദ്ഘടനയിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ ഒറ്റയ്ക്കൊറ്റയ്ക്ക് അഭിമുഖീകരിക്കുന്നതിന് ചെറുകിട ഉത്പാദകർക്ക് തനിയെ സാധ്യമാവാത്ത അവസ്ഥയിലാണ് സർക്കാർ പ്രോത്സാഹനത്തോടെ കർഷകരുടെ ഉത്പാദകസംഘടനകൾ രൂപീകരിക്കപ്പെടുന്നത്.


കാർഷികരംഗത്ത് പ്രാഥമിക ഉത്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകർ കമ്പനീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് നിയമാനുസൃതം രൂപീകരിക്കുന്ന കൂട്ടായ്മയാണ് കർഷകഉത്പാദക സംഘടന. ഓഹരി ഉടമകളായ കർഷകർതന്നെയാണ് സംഘടനയുടെ ഉടമകളായിരിക്കുന്നത്. ചുരുക്കത്തിൽപ്പറഞ്ഞാൽ ഉത്പാദകർക്കുവേണ്ടി ഉത്പാദകരാൽ രൂപീകരിക്കപ്പെടുന്ന ഉത്പാദകരുടെ സംഘമാണ് കർഷക ഉത്പാദകസംഘടന അഥവാ ഫാർമർ പ്രൊഡ്യൂസർ കമ്പനി.

ഉത്പാദകസംഘത്തിന്റെ കീഴിൽ ചെറുകിടകർഷകർ സംഘടിക്കുമ്പോൾ കൃഷിക്കാവശ്യമായ സാധനസാമഗ്രികൾ ഒന്നിച്ച് കുറഞ്ഞ വിലയ്ക്കു വാങ്ങുവാനാകും. ആധുനിക സാങ്കേതികവിദ്യയും ഇതരസേവനങ്ങളും കർഷകർക്ക് സർക്കാർ സംവിധാനങ്ങളിലൂടെ താങ്ങാനാകുന്ന ചെലവിൽ ലഭ്യമാകും. ഓരോ കർഷകന്റെയും ചെറിയ ചെറിയ പ്രവർത്തനങ്ങൾ ഒന്നായിച്ചേർന്നു വലിയൊരു സംരംഭമായിത്തീരുമ്പോൾ ഉത്പാദനവും ഉത്പാദനക്ഷമതയും അതുവഴി വരുമാനവും മെച്ചപ്പെടുത്താനാകും. കർഷകരുടെ ഉത്പന്നങ്ങൾ മൊത്തമായി ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും സാധിക്കുന്നതോടെ വിപണിയിൽ നേരിട്ട് ഇടപെടുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും സാധിക്കും. വിപണിയുടെ ആവശ്യമനുസരിച്ചു ഗുണമേന്മയുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിലൂടെ കർഷക ഉത്പാദകരുടെ വിലപേശൽ ശക്തി ഉയർത്തുവാനും സാധിക്കും. ആഭ്യന്തരവിപണിയിലധികമായുണ്ടാകുന്ന കാർഷിക ഉത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കിമാറ്റി അധികവരുമാനം ഉറപ്പുവരുത്താനുള്ള സംരംഭങ്ങൾക്കും നേതൃത്വം കൊടുക്കാൻ കർഷക ഉത്പാദകസംഘടനകൾക്കു സാധിക്കും.

പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങളിൽ ആദ്യഘട്ടം ഓഹരിസമാഹരണവും അംഗത്വപ്രവർത്തനവുമാണ്. അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും വിപണനസാധ്യതയും പഠനവിഷയമാവണം. തുടർന്ന്, മൂല്യവർദ്ധനസംരംഭത്തിന്റെ നിർമ്മാണവും നൂതനസാങ്കേതികവിദ്യപ്രകാരമുള്ള ഉപകരണങ്ങളും യന്ത്രങ്ങളും സ്ഥാപിക്കപ്പെടണം. പച്ചക്കപ്പ, ചക്ക, കൈതച്ചക്ക, ഏത്തക്ക തുടങ്ങി വിവിധ കാർഷികവിളകളും ഫലവർഗങ്ങളും സംസ്കരിച്ചു വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലിറക്കാനാണ് നമ്മൾ ലക്ഷ്യംവെച്ചിരിക്കുന്നത്. ■

**കാർഷികം 9**

## കൃഷിയിടത്തിൽ ഓർത്തുവയ്ക്കാൻ




ഡെന്നീസ് വേരനാക്കുന്നേൽ
8086881989 (കൃഷി ഓഫീസർ)

- അടുക്കളത്തോട്ടത്തിൽ പച്ചക്കറികൃഷി തുടരാം. വിവിധ വളങ്ങൾ ഇട്ടുകൊടുക്കാം. മഴവെള്ളം കെട്ടിനിൽക്കാതെ നീർവീഴ്ച ഉറപ്പുവരുത്താം.
- സുഗന്ധവ്യഞ്ജനങ്ങൾക്ക് കുമിൾ രോഗത്തെ ചെറുക്കാൻ ബോർഡോ മിശ്രിതമോ മൂന്നു ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്ററിൽ ലയിപ്പിച്ചോ തളിച്ചുകൊടുക്കാം.
- തെങ്ങിൻ തടങ്ങൾ കിളച്ചുമറിച്ച് വരമ്പ് വയ്ക്കണം. അരക്കിലോ കുമ്മായം/പച്ചക്കക്ക ഇടണം. ശീതകാല പച്ചക്കറിവിളകൾ കൃഷിചെയ്ത് തുടങ്ങാം. (കാബേജ്, കോളിഫ്ളവർ, ക്യാരറ്റ്, ബീറ്റ്റൂട്ട്) ഓണത്തിനു കുലവെട്ടാൻ ഏത്തവാഴ കൃഷി ഇനിയും വൈകരുത്.
- കുമിൾരോഗങ്ങൾ പ്രതിരോധിക്കാൻ 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളി സ്പ്രേ ചെയ്തു കൊടുക്കുന്നത് മുടക്കരുത്.
- മൂന്നു മാസം കഴിഞ്ഞ ഏത്തവാഴകൾ വൃത്തിയായി സൂക്ഷിക്കുകയും പിണ്ടിപ്പുഴു വരാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കുകയും വേണം. സോപ്പ് കവിളിൽ നിക്ഷേപിക്കുകയോ വേപ്പെണ്ണ ലായനി സ്പ്രേ ചെയ്യുകയോ വേണം.

www.malankaralibrary.com






ഫാ. ഡോ. ജോസ് കുറ്റിയാങ്കൽ

## കൂദാശകൾ പഠനം - 10

# വിശുദ്ധ കുർബാനയെക്കുറിച്ചുള്ള പഠനം

**കന്തീശാ ആലാഹാ**
**കന്തീശാ ഹൈൽസാനാ**
**കന്തീശാ ലാ മായാസാ**
**എസ്രാഹം അലൈൻ**

### ത്രിശുദ്ധകീർത്തനം

ദൈവത്തെ പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ചു സ്തുതിക്കുന്ന കീർത്തനമായതിനാൽ ഇതിനെ ത്രിശുദ്ധ കീർത്തനം എന്നു വിളിക്കുന്നു. വചനശുശ്രൂഷയുടെ ആമുഖമായി വർത്തിക്കുന്ന കീർത്തനമാണിത്. പരിശുദ്ധ കുർബാനയിലെ ആമുഖശുശ്രൂഷ മാലാഖാമാരുടെ കീർത്തനം മൂന്നു പ്രാവശ്യം ആലപിച്ച് ആരംഭിക്കുന്നതുപോലെ വചനശുശ്രൂഷയും മൂന്നു പ്രാവശ്യം ത്രിശുദ്ധ കീർത്തനം പാടി ദൈവത്തെ സ്തുതിച്ചുകൊണ്ട് ആരംഭിക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നും ആദിമുതൽ എന്നേക്കും ആമ്മേൻ എന്നും ഓരോ പ്രാവശ്യം ചൊല്ലി കീർത്തനം ആവർത്തിക്കുന്നു. മൂന്നു പ്രാവശ്യം ആവർത്തിച്ചുചൊല്ലുന്നത് ഇതു മാലാഖാമാരുടെ കീർത്തനമാണ് എന്നു സൂചിപ്പിക്കുവാനാണ്. മാത്രമല്ല, അതൊരു ഓനീസായു മാണ്. ഓനീസായുടെ പ്രത്യേകത മൂന്നു പ്രാവശ്യം ആവർത്തിക്കപ്പെടുന്നു എന്നുള്ളതാണ്. ആവർത്തനവിരസതയല്ല; മറിച്ച്, കൂടുതൽ ദൈവാനുഭവത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ സഹായിക്കുന്നു. പൗരസ്ത്യസഭകളുടെ എല്ലാം പ്രത്യേകതയാണ് ഈ ആവർത്തനം. ക്രൈസ്തവസഭകളിൽ മാത്രമല്ല പൗരസ്ത്യദേശമെന്നു പൊതുവേ കരുതപ്പെടുന്ന പ്രദേശങ്ങളിൽ വളർന്നുവന്ന മറ്റു മതവിഭാഗങ്ങളിലും (ഉദാ: ഹിന്ദുമതം) ആവർത്തനത്തിലൂടെ കൂടുതൽ ദൈവാനുഭവം നേടുന്ന രീതിയുണ്ട്.

മിശിഹാക്കാലം 436 ൽ റോമാസാമ്രാജ്യത്തിൽ തെയോഡീഷ്യസ് ചക്രവർത്തിയുടെ ഭരണകാലത്താണ് ത്രിശുദ്ധകീർത്തനം ആദ്യമായി ഉപയോഗിക്കുവാൻ തുടങ്ങിയത്. കാൽസിഡോണിയൻ സൂനഹദോസിൽ സംബന്ധിച്ച പിതാക്കന്മാർ ഈ കീർത്തനം സൂനഹദോസിനിടയിൽ ആലപിച്ചിട്ടുണ്ട്. പൗരസ്ത്യസുറിയാനി ആരാധനയിലേക്ക് ഈ കീർത്തനങ്ങൾ കൊണ്ടുവന്നത് മാർ ആബായാണ് (540–552). ഇതിന്റെ ഉപയോഗം ഔദ്യോഗികമായി നടപ്പിലാക്കിയത് ഈശോയാബ് ഒന്നാമൻ (582/3 – 595/6) പാത്രിയാർക്കീസാണ്.

ഭൂമിയിലെ ആരാധന സ്വർഗ്ഗീയ ആരാധനയോടു കൂടിച്ചേരുന്ന അവസരമാണ് ത്രിശുദ്ധ കീർത്തനം. വിശ്വാസികൾ മാലാഖമാർ പാടുന്ന 'പരിശുദ്ധൻ' എന്ന കീർത്തനം അവരോടു ചേർന്ന് ആലപിക്കുന്നു. വെളിപാട് പുസ്തകം നാലാം അദ്ധ്യായത്തിലെ എട്ടാം തിരുവചനം സ്വർഗ്ഗീയ ആരാധനയിൽ ഈ ഗാനം ആലപിക്കപ്പെടുന്നതായി സാക്ഷ്യപ്പെടുത്തുന്നു. ഈ കീർത്തനത്തിന്റെ ആരംഭം ഏശയ്യായുടെ ദൈവദർശനത്തിലാണ് (ഏശയ്യാ 6:3). ദൈവത്തിന്റെ പ്രകൃതിയെ ഒരു വിധത്തിൽ വെളിപ്പെടുത്തുവാനുള്ള ശ്രമമാണ് ഈ കീർത്തനം. ദൈവം പരിശുദ്ധനാണ്, ബലവാനാണ്, അമർത്യനാണ്. ദൈവത്തിന്റെ പൂർണത അടങ്ങിയിരിക്കുന്നത് അവിടുത്തെ പരിശുദ്ധിയിലാണ്. ദൈവം പരിശുദ്ധനാണെങ്കിൽ അവിടുത്തെ വചനവും പരിശുദ്ധമാണ്. ദൈവം ബലവാനെങ്കിൽ അവിടുത്തെ വചനം ശക്തിയുള്ളതാണ്. ദൈവം മരണമില്ലാത്തവനെങ്കിൽ അവിടുത്തെ വചനവും നിത്യം ജീവിക്കുന്നതാണ്. അതിന് മനുഷ്യർക്ക് നിത്യജീവൻ നല്കാനും കഴിയും. അതുകൊണ്ട്, തുടർന്നുവരുന്ന വചനശുശ്രൂഷയിലൂടെ ദൈവജനം ഈ ദൈവവചനം ശ്രവിക്കുകയും ധ്യാനിക്കുകയും അതുവഴി ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### ത്രിശുദ്ധകീർത്തനത്തിനുശേഷമുള്ള പ്രാർത്ഥന

ത്രിശുദ്ധകീർത്തനത്തിനുശേഷം പഴയനിയമ വായനയ്ക്കു മുമ്പുള്ള പ്രാർത്ഥനയാണ് "വിശുദ്ധരിൽ സംപ്രീതനായി...." എന്നത്. വിശുദ്ധരിൽ വസിക്കുക, അവരിൽ സംപ്രീതനാകുക എന്നിങ്ങനെ രണ്ടു ക്രിയകളായാണ് മൂലരൂപത്തിൽ നല്കിയിരിക്കുന്നത്. വിശുദ്ധി തന്നെയായ ദൈവം വിശുദ്ധരിൽ വസിക്കുന്നതിൽ സന്തോഷിക്കുന്നു. വിശുദ്ധരാകാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള കൃപ ദൈവം നല്കുന്നു. ദൈവത്തിന്റെ സ്വഭാവ പ്രത്യേകതയാണ് അനുഗ്രഹിക്കുകയും കരുണ കാണിക്കുകയും ചെയ്യുക എന്നത്. പാപാവസ്ഥയെപ്പറ്റി ബോധ്യമുള്ള സഭ ഇവിടെ അനുഗ്രഹത്തിനും കരുണയ്ക്കുമായി ദൈവത്തോടു പ്രാർത്ഥിക്കുന്നു. ■

---

## കാരുണ്യദീപങ്ങൾ 9

### കെയർ ഹോംസ്, പാലാ രൂപത

**ഇതുവരെ പരിചയപ്പെടുത്തിയവ:**

• സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം, കുമ്മണ്ണൂർ • ഡോൺ ബോസ്കോ പുവർ ഹോം (വൃദ്ധമന്ദിരം), കടനാട് • ഷാലോം ഡിസിഎംആർ സ്പെഷ്യൽ സ്കൂൾ, പുലിയന്നൂർ • ബ്ലസ്ഡ് കുഞ്ഞച്ചൻ സാന്തോം വില്ലേജ് (അനാഥമന്ദിരം), മറ്റത്തിപ്പാറ • ധർമ്മദീപം സൊസൈറ്റി, മുണ്ടുപാലം • സ്നേഹാലയം (വികലാംഗരായ സ്ത്രീകൾക്കുവേണ്ടി), കരൂർ • ആശാഭവൻ (ശാരീരികവൈകല്യമുള്ളവർക്കായി), വേലനിലം • ബോയ്സ് ടൗൺ, കരൂർ

# ST. VINCENT PROVIDENCE HOUSE CHARITABLE SOCIETY

*House of the Destitute Elders*
SD. Convent, Marthoma Church Road
Pala, Kottayam Dist. Pin- 686 575,
Ph:- 04822- 213055, Mob:- 996167281
Email:- svphouse@gmail.com,

അഗതികളും മർദ്ദിതരും സമൂഹത്തിൽ നിന്ന് ഉപേക്ഷിക്കപ്പെട്ടവരുമായ സഹോദരങ്ങൾക്ക് ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന്റെ നീർച്ചാലായിത്തീർന്ന ധന്യൻ വർഗ്ഗീസ് പയ്യപ്പിള്ളി അച്ചൻ, സ്ഥാപിച്ച സന്ന്യാസിനീ സമൂഹമാണ് 'അഗതികളുടെ സഹോദരിമാർ' എന്നറിയപ്പെടുന്ന സമൂഹം (SD സിസ്റ്റേഴ്സ്).

പാലായിലുള്ള സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയിലുള്ള അംഗങ്ങൾ, അഗതികളും നിരാലംബരുമായവർക്ക് ഒരു അഗതിമന്ദിരം സ്ഥാപിക്കണമെന്ന ആഗ്രഹവുമായി, പാലാ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിനെ സമീപിച്ചു. പിതാവ് ഈ കാര്യത്തോട് അനുഭാവം പുലർത്തുകയും സെന്റ് വിൻസെന്റ് മൊണാസ്ട്രിയുടെ പ്രിയോരായിരുന്ന ബഹു. അന്ത്രയോസ് പൂണോലിൽ CMI അച്ചനോടു ബന്ധപ്പെടുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ബഹു. അച്ചന്റെ നിർദ്ദേശപ്രകാരം 1952 ൽ അരയേക്കർ സ്ഥലം വാങ്ങുകയും ഒരു ചെറിയ കെട്ടിടം നിർമ്മിച്ച് ഏതാനും വൃദ്ധസഹോദരങ്ങളെ അവിടെ താമസിപ്പിച്ച് അഗതിമന്ദിരത്തിന് ആരംഭം കുറിക്കുകയും ചെയ്തു. അന്നുമുതൽ CMI വൈദികരുടെ മേൽനോട്ടത്തിൽ വിൻസെന്റ് ഡി പോൾ സംഘടനയ്ക്കു നേതൃത്വംകൊടുത്തിരുന്ന ശ്രീമാൻ പാപ്പച്ചൻ വെള്ളാപ്പാടിന്റെയും മറ്റംഗങ്ങളുടെയും സഹായത്തോടെ അഗതിമന്ദിരത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുനീങ്ങി. എന്നാൽ, കാലക്രമത്തിൽ, ഇതിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഏതെങ്കിലും ഒരു സന്ന്യാസിനീസമൂഹത്തെ ഏല്പിക്കുകയാണു നല്ലതെന്ന തീരുമാനത്തിലെത്തി. 1985 ൽ പ്രിയോരായിരുന്ന ബഹു. ജോസഫ് ആയിത്തമറ്റത്തിൽ CMI അച്ചൻ SD സിസ്റ്റേഴ്സുമായി ചർച്ച നടത്തുകയും SD സിസ്റ്റേഴ്സിന്റെ സെന്റ് ജോസഫ് പ്രോവിൻസ് 1985 ഒക്ടോബർ 26 ന് ഈ സ്ഥാപനം ഏറ്റെടുക്കുകയും ചെയ്തു.

ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് യാതൊരു ലാഭേച്ഛയും കൂടാതെ, അഗതികളും നിരാലംബരും പരിത്യക്തരുമായ വൃദ്ധജനങ്ങളെ ജാതിമതലിംഗഭേദമെന്യേ ഇവിടെ പ്രവേശിപ്പിച്ച് അവർക്കു സംരക്ഷണവും സുരക്ഷിതത്വവും നൽകി ജീവിതത്തിന്റെ അവസാനനാളുകൾ ഈശ്വരചിന്തയിലും ദൈവാനുഭവത്തിലും ചെലവഴിച്ചുകൊണ്ടു ശാന്തവും സമാധാനപൂർണ്ണവുമായ വിശ്രമജീവിതത്തിന് അവരെ സഹായിക്കുക എന്നതാണ് ബഹു. സിസ്റ്റേഴ്സ് ചെയ്യുന്നത്.

60 വയസ്സിനുമുകളിലുള്ള നിരാലംബരും പരിത്യക്തരുമായ വൃദ്ധജനങ്ങൾക്ക് പ്രവേശനം നൽകുന്നു. കൂടാതെ 10% ശാരീരികവൈകല്യമുള്ളവർക്കും ഇവിടെ പ്രവേശനം നൽകുന്നു. എല്ലാവിധ ആധുനികസൗകര്യങ്ങളോടുംകൂടി പുതുക്കിപ്പണിത ഈ ഭവനത്തിൽ ഇപ്പോൾ 60 പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യങ്ങളാണൊരുക്കിയിരിക്കുന്നത്. ആവശ്യമുള്ളവർക്കു കൗൺസലിംഗ് നൽകിവരുന്നു.

ഗവ. ഹോസ്പിറ്റലിലെ പാലിയേറ്റീവ് കെയർ യൂണിറ്റും പാലാ മുനിസിപ്പാലിറ്റിയിലെ 'വയോമിത്രം' യൂണിറ്റും ഇവിടെ വേണ്ട സഹായസഹകരണങ്ങൾ നൽകുന്നു. സ്കൂളുകളിൽനിന്നും കോളജുകളിൽനിന്നും വൈസ്മെൻ-റോട്ടറി ക്ലബ്ബുകളിൽനിന്നും സ്പോർട്സ് ക്ലബ്ബുകളിൽനിന്നും കുട്ടികളും മുതിർന്നവരും ഈ വൃദ്ധസഹോദരങ്ങളെ സന്ദർശിച്ചു കലാപരിപാടികൾ നടത്തി ഇവരെ സന്തോഷിപ്പിക്കാറുണ്ട്.

ഈ സ്ഥാപനത്തിനു മൂലധനം ഒന്നുമില്ല. ഉദാരമതികളായ അഭ്യുദയകാംക്ഷികളിൽ നിന്നും പൊതുജനങ്ങളിൽനിന്നും പണമായും സാധനങ്ങളായും ലഭിക്കുന്നതാണ് പ്രധാന സാമ്പത്തിക ഉറവിടം. അനുദിനം 8000 രൂപയോളം ഇവരുടെ വിവിധ ആവശ്യങ്ങൾക്കായി ചെലവാകുന്നുണ്ട്.

ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടും നാനാജാതിമതസ്ഥരായ സഹോദരങ്ങളുടെ സഹകരണങ്ങൾകൊണ്ടും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ഈ ശുശ്രൂഷാദൗത്യം മുമ്പോട്ടു കൊണ്ടുപോകുന്നു. ■

www.malankaralibrary.com




# കോതനല്ലൂർ കന്തീശങ്ങളുടെ പള്ളി

പുരാതനത്വംകൊണ്ട് പാലാ രൂപതയിലെ അഞ്ചാമത്തെ ചരിത്രപ്രാധാന്യമുള്ള പള്ളിയാണ് കോതനല്ലൂർ. 12 നൂറ്റാണ്ടുകാലത്തെ ധന്യമായ പാരമ്പര്യമുള്ള ഈ പള്ളി കന്തീശങ്ങളുടെ പള്ളി എന്നാണ് അറിയപ്പെടുന്നത്. കന്തീശങ്ങൾ എന്ന വാക്കിന് വിശുദ്ധർ എന്നാണ് അർത്ഥം. കന്തീശങ്ങൾ എന്ന പേരിൽ ഇവിടെ ആദ്യം അറിയപ്പെട്ടിരുന്നത് വടക്കേ ഇറാക്കിലുള്ള നിനിവേയിൽനിന്നു വന്ന സുറിയാനി മെത്രാന്മാരായ മാർ സാപ്പോറും മാർ പ്രോത്തുമാണ്. സ്ഥാപനവർഷത്തെപ്പറ്റി കൃത്യമായ അറിവില്ലെങ്കിലും ക്രിസ്തുവർഷം 826 ലാണ് (കൊല്ലവർഷം രണ്ടാം ആണ്ടിൽ) ഇവർ കോതനല്ലൂരിൽ ക്രൈസ്തവസമൂഹത്തിന് അടിസ്ഥാനമിട്ടതെന്നു കണക്കാക്കുന്നു. പള്ളിക്കുന്ന് എന്ന് ഇന്നറിയപ്പെടുന്ന സ്ഥലത്താണു കോതനല്ലൂരിലെ ആദ്യപള്ളി സ്ഥിതിചെയ്തിരുന്നത്. പുല്ലുകൊണ്ടു മേഞ്ഞിരുന്ന പള്ളി ഒരു ദിവസം അഗ്നിബാധയാൽ നശിപ്പിക്കപ്പെട്ടതായി ക്രൈസ്തവവിശ്വാസികൾ അറിയുന്നു. ദൈവാലയനാശത്തിനു പ്രതിവിധി ഉണ്ടാക്കണമെന്നു 'പ്രശ്നക്കാർ' വിധികല്പിച്ചു. അതിൻപ്രകാരം വടക്കുംകൂർ രാജാവിന്റെ സാമന്തരായിരുന്ന മാമലശ്ശേരി ഇടപ്രഭുക്കന്മാർ പള്ളിവയ്ക്കുന്നതിനുള്ള സ്ഥലം കൊടുത്തു. പുതിയ പള്ളിപണിക്ക് ആവശ്യമായ സഹായസഹകരണങ്ങളും അവർ നല്കുകയുണ്ടായി. അതിനുള്ള നന്ദിസൂചകമായി കോതനല്ലൂർ പള്ളിയിലെ പ്രധാന തിരുനാളിന് (ഡിസംബർ 25–ജനുവരി 2) മാമലശ്ശേരി കുടുംബത്തിന് പള്ളിയിൽനിന്ന് 'അഞ്ചേകാലും കോപ്പും' കൊടുക്കുന്നുണ്ട്. പ്രാചീനകാലത്ത് കേരളത്തിലെ എല്ലാ പള്ളികളുംതന്നെ മർത്ത്മറിയത്തിന്റെയോ മാർ ത്തോമ്മാശ്ലീഹായുടെയോ നാമത്തിലായിരുന്നു. തുടക്കത്തിൽ കോതനല്ലൂരുപള്ളിയും മർത്ത് മറിയത്തിന്റെ നാമധേയത്തിലായിരുന്നു. ഈ പള്ളി എഡി 1220 ഓടുകൂടി കന്തീശങ്ങളുടെ പള്ളി എന്നറിയപ്പെടാൻ തുടങ്ങി. പള്ളിയുടെ മുഖവാരത്തിലെ രണ്ടു തിരുസ്വരൂപങ്ങൾ മാർ സാപ്പോറിന്റെയും മാർ പ്രോത്തിന്റെയുമാണ്. ഇപ്പോഴുള്ളത് നാലാമത്തെ ദൈവാലയമാണ്. ഇതു നിർമ്മിച്ചത് പുണ്യശ്ലോകനായ ബഹു. കുര്യാക്കോസ് മയിലപ്പറമ്പിലച്ചനാണ്. 1901 ഫെബ്രുവരിയിൽ നിർമ്മാണം പൂർത്തിയായി. 2005 ജൂലൈ 3 ന് ഇത് ഫൊറോനാ ഇടവകയായി ഉയർത്തപ്പെട്ടു. 2018 ൽ ഇപ്പോഴുള്ള ദൈവാലയം കേടുപാടുകൾ തീർത്ത് ബഹു. ജോർജ് വർഗീസ് ഞാറക്കുന്നേലച്ചന്റെ നേതൃത്വത്തിൽ മനോഹരമായി നവീകരിച്ചു. വി. അന്തോണിസിന്റെ നാമത്തിലുള്ള കുരിശുപള്ളി 1899 മെയ് മാസത്തിലും മുടപ്പയിലുള്ള തിരുക്കുടുംബത്തിന്റെ കുരിശുപള്ളി 1985 സെപ്റ്റംബറിലും സ്ഥാപിതമായി.

**മാർ സാപ്പോർ, മാർ പ്രോത്ത് (കന്തീശങ്ങൾ)**

എഡി 820 കളിൽ സെലൂഷ്യൻ-സുറിയാനി സഭാധികാരികൾ കേരളത്തിലേക്കു നിയോഗിച്ച മെത്രാന്മാരാണ് സാപ്പോറും പ്രോത്തും. ഇവർ കേരളത്തിൽ ആറു പള്ളികൾ സ്ഥാപിച്ചു – കോതനല്ലൂർ, കടമറ്റം, അകപ്പറമ്പ്, കൊല്ലം, കായംകുളം, തേവലക്കര. എഡി 510 ൽ സ്ഥാപിതമായ ഉദയംപേരൂരും ക്രമേണ ഇവരുമായി ബന്ധത്തിലായി. കൊല്ലം തുറമുഖത്തിന്റെ നവീകരണത്തിലും കൊല്ലവർഷം ആരംഭിക്കുന്നതിലും ഇവരുടെ സഹായമുണ്ടായിരുന്നു. ഇതിനുള്ള പ്രതിനന്ദിയായിട്ടാണ് തരിസ്സാപ്പള്ളി ചെപ്പേടിലൂടെ ഒട്ടേറെ ആനുകൂല്യങ്ങൾ സ്ഥാണുരവിരാജാവ് ഇവർക്കു നല്കുന്നത്. മാർ സാപ്പോർ തേവലക്കരയിൽവച്ചു മരണമടയുകയും അവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്തു. മാർ പ്രോത്തിന്റെ കബറിടം ഉദയംപേരൂരാണെന്നു കരുതപ്പെടുന്നു. മാർ സാപ്പോറിനെയും മാർ പ്രോത്തിനെയും മരണാനന്തരം കന്തീശങ്ങൾ എന്നാണ് മാർത്തോമ്മാനസ്രാണികൾ വിളിച്ചിരുന്നത്. നിരവധി അത്ഭുതങ്ങൾ ഇവർവഴി നടന്നിരുന്നു. മാർത്തോമ്മാനസ്രാണികൾ ഇവരുടെ നാമത്തിൽ പള്ളികൾ പണിയുകയും ഇവരുടെ തിരുനാളുകൾ നടത്തുകയും ചെയ്തുവന്നു. കടമറ്റം പള്ളി പിന്നീട് മാർ ഗീവർഗീസ് സഹദായുടെ നാമത്തിലായി.

യൂറോപ്യൻ മിഷനറിമാരുടെ വരവോടെ മലങ്കരയിലുള്ള നസ്രാണികളുടെ സഭയിൽ വിവിധ പ്രശ്നങ്ങൾ ആരംഭിച്ചു. നമ്മുടെ നാട്ടിൽ ആദ്യം വന്നെത്തിയ പാശ്ചാത്യർ പോർച്ചുഗീസുകാരായിരുന്നു. ഡച്ചുകാർ പോർച്ചുഗീസുകാരെ ഇവിടെ നിന്നു തോല്പിച്ചോടിച്ചപ്പോൾ ഇവിടുത്തെ ആത്മീയശുശ്രൂഷയ്ക്കും പ്രശ്നങ്ങൾ പഠിക്കുന്നതിനുമായി റോമിലെ പ്രൊപ്പഗാന്തസംഘം നേരിട്ട് മിഷനറിമാരെ അയച്ചുതുടങ്ങി. ആദ്യനൂറ്റാണ്ടു മുതൽ മലങ്കരയിലുണ്ടായിരുന്ന മാർത്തോമ്മാ സുറിയാനി നസ്രാണിമാപ്പിളമാരുടെ ഭാരതീയ-കൽദായ സുറിയാനി സംസ്കാരത്തെയും ആചാരരീതികളെയും പതിനാറാം നൂറ്റാണ്ടുമുതൽ യൂറോപ്പിൽനിന്ന് എത്തിത്തുടങ്ങിയ നിരവധി പാശ്ചാത്യമിഷനറിമാർ സംശയത്തോടെയാണു കണ്ടത്. ക്രമേണ, സഭാഭരണത്തിൽ ഇടപെടാനും കൽദായ സുറിയാനി ആരാധനക്രമത്തെ ലത്തീനീകരിക്കാനുമുള്ള ശ്രമം നടന്നു. ലത്തീൻരീതികളിൽനിന്നു ഭിന്നമായതൊക്കെ പാഷണ്ഡതയോ ശീശ്മയോ ആണെന്നു വ്യാഖ്യാനിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ഗോവ മെത്രാപ്പോലീത്താ അലക്സിസ് മെനേസിസ് ഉദയംപേരൂരിൽ സൂനഹദോസ് വിളിച്ചുകൂട്ടുന്നത്. 1599 ജൂൺ 20 മുതൽ 26 വരെ നടന്ന സമ്മേളനത്തിൽ കോതനല്ലൂർ പള്ളി പങ്കെടുത്തതായി രേഖയുണ്ട്. ആരാധനക്രമത്തിൽനിന്ന് മാർ സാപ്പോറിനെയും മാർ പ്രോത്തിനെയും ഈ സൂനഹദോസിൽവച്ചു നീക്കംചെയ്തു. മാർ സാപ്പോറിന്റെയും മാർ പ്രോത്തിന്റെയും നാമത്തിലുള്ള



സമസ്ത ദൈവാലയങ്ങളും സകല സിദ്ധന്മാരുടെ/വിശുദ്ധരുടെ പേരിൽ പ്രതിഷ്ഠിക്കപ്പെടണമെന്നും അവരെ അനുസ്മരിച്ചു നടത്തപ്പെടുന്ന തിരുനാളുകളും നേർച്ചകളും നവംബർ ഒന്നാം തീയതി നടത്തണമെന്നും സൂനഹദോസ് തീരുമാനിച്ചു. മാർ സാപ്പോറിന്റെയും മാർ പ്രോത്തിന്റെയും പേരിൽ മേലാൽ പള്ളികൾ സ്ഥാപിക്കരുതെന്നുള്ള കല്പന ഈ സൂനഹദോസിന്റെ സമയത്തുണ്ടായി. ഈ തീരുമാനത്തിൽ കന്തീശങ്ങളുടെ ഭക്തർ രോഷാകുലരായി. അവരെ സാന്ത്വനപ്പെടുത്താനുള്ള സമവായശ്രമത്തിന്റെ ഭാഗമായി അവർക്കു പകരമായി മിലാനിലെ ഇരട്ടവിശുദ്ധരായ ഗർവ്വാസീസിനെയും പ്രോത്താസീസിനെയും നല്കി. അങ്ങനെയാണ് ഉദയംപേരൂർ, കോതനല്ലൂർ, അകപ്പറമ്പ് എന്നീ ദൈവാലയങ്ങൾ വി. ഗർവ്വാസീസിന്റെയും വി. പ്രോത്താസീസിന്റെയും നാമധേയത്തിലായത്. ഇവരും പിന്നീട് കന്തീശങ്ങൾ എന്നറിയപ്പെട്ടു.

**കോതനല്ലൂർ സ്ലീവായും ഉണ്ണിമിശിഹായുടെ തിരുനാളും**

കന്തീശങ്ങൾ എഡി 826 ൽ (9-ാം നൂറ്റാണ്ട്) കോതനല്ലൂരിൽ സ്ഥാപിച്ച സ്കീപ്പായാണ് കോതനല്ലൂർ സ്ലീവാ. "പള്ളിക്കുന്നിലെ" പള്ളിയിൽ സ്ഥാപിച്ചിരുന്ന പുരാതന മാർത്തോമ്മാസ്ലീവാ 1995 ഡിസംബർ 18 ന് പള്ളിമുറിയുടെ സമീപം പുനഃപ്രതിഷ്ഠിച്ചു വണങ്ങുന്നു. അതിൽ പാലി ഭാഷയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "മാർ സാപ്പോർ എഴുതുന്നു: ഒരു പക്ഷിയെപ്പോലെ നിനിവേയിൽനിന്ന് ഞാൻ ഈ ദേശത്ത് എത്തി. സർവ്വതും ക്ഷമിക്കുന്ന മിശിഹാ മതമർദ്ദനത്തിൽനിന്നും എന്നെ കാത്തു." കോതനല്ലൂർ കൂടാതെ കടമറ്റം, മൈലാപ്പൂർ, കോട്ടയം, മുട്ടുചിറ, കോട്ടക്കാവ്, ആലങ്ങാട്, അനുരാധപുരം (ശ്രീലങ്ക), ഗോവ എന്നിവിടങ്ങളിൽ ഇതിനു സമാനമായ സ്ലീവാകൾ ഉണ്ട്. ലത്തീൻസഭ ഇൻഡ്യയിൽ ആരംഭിക്കുന്നതിനുമുമ്പ്

**വിശ്വാസഗോപുരങ്ങൾ - 9**

**മുമ്പു പരിചയപ്പെടുത്തിയവ**
**പാലാ കത്തീഡ്രൽ, കുറവിലങ്ങാട്**
**അരുവിത്തുറ, ചേർപ്പുങ്കൽ, കടുത്തുരുത്തി,**
**മുട്ടുചിറ, ഭരണങ്ങാനം, കടപ്പാമറ്റം**

മാർത്തോമ്മാനസ്രാണികൾ പൊതുവായി ആരാധനയ്ക്ക് ഉപയോഗിച്ചിരുന്നതാണ് ഈ മാതൃകയിലുള്ള ഇൻഡ്യൻ കുരിശ്. മാർ സ്ലീവാ, ഈശോമിശിഹാതന്നെയാണ്. അതുകൊണ്ട് കോതനല്ലൂർ പള്ളിയിലെ പ്രധാന തിരുനാൾ ഉണ്ണിമിശിഹായുടേതാണ്. ഡിസംബർ 25 മുതൽ ജനുവരി 2 വരെയുള്ള ദിവസങ്ങളിൽ ഉണ്ണീശോയുടെ ഛേദനാചാരത്തിരുനാൾ ഈ പള്ളിയിൽ ആഘോഷിക്കുന്നു. പള്ളിയോടു ചേർന്നുള്ള സ്കൂളിന്റെ പേരും ഇമ്മാനുവൽ എന്നാണ്.

**വി. ഗർവ്വാസീസും വി. പ്രോത്താസീസും**

മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ ഇറ്റലിയിലെ മിലാൻ പട്ടണത്തിൽ ജനിച്ച ഇരട്ടസഹോദരന്മാരാണു ഗർവാസീസും പ്രോത്താസീസും. അപ്പൻ വി. വിത്താലിസ് റാവെന്നാ പട്ടണത്തിൽവച്ചും അമ്മ വി. വലേരിയാ മിലാൻ പട്ടണത്തിൽവച്ചും വിശ്വാസത്തിനായി രക്തസാക്ഷികളായി. റോമൻ ദൈവങ്ങൾക്കു ധൂപം സമർപ്പിക്കുവാനും ബലിയർപ്പിക്കുവാനും ഗവർണർ ഇവരോടാവശ്യപ്പെട്ടപ്പോൾ വിസമ്മതം കാണിച്ചതിനാൽ ഈ ഇരട്ടസഹോദരന്മാർ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ഗർവാസീസ് ചാട്ടവാറടിയേറ്റും പ്രോത്താസീസ് ശിരച്ഛേദം ചെയ്യപ്പെട്ടും രക്തസാക്ഷികളായി. മതപീഡനം അഴിച്ചുവിട്ട ഡേസിയൂസിന്റെയോ (249-251) അല്ലെങ്കിൽ വലേരിയന്റെയോ (253-260) കാലത്തായിരിക്കണം ഇവരുടെ രക്തസാക്ഷിത്വം എന്ന് ഏകദേശം കണക്കാക്കുന്നു. പാശ്ചാത്യനാടുകളിൽ നിർണായകമായ ആദ്ധ്യാത്മിക നവോത്ഥാനത്തിനും മുന്നേറ്റത്തിനും വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം കാരണമായി. ജൂൺ 19-ാം തീയതിയാണു കത്തോലിക്കാസഭ വി. ഗർവാസീസിന്റെയും വി. പ്രോത്താസീസിന്റെയും തിരുനാൾ കൊണ്ടാടുന്നത്. കോതനല്ലൂർ പള്ളിയിൽ ഈ വിശുദ്ധരുടെ തിരുശേഷിപ്പ് 1997 സെപ്റ്റംബർ 5-ാം തീയതി പരസ്യവണക്കത്തിനായി പ്രതിഷ്ഠിച്ചു. 2007 ജൂൺ 19-ാം തീയതി വികാരി ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ 35 ജോഡി ഇരട്ടകളുമായി ആരംഭിച്ച ഇരട്ടകളുടെ സംഗമം എല്ലാ വർഷവും ജൂൺ രണ്ടാം ശനിയാഴ്ച ഇരട്ടകളുടെ മഹാസംഗമമായി നടന്നുവരുന്നു.

1951 ൽ ഫാത്തിമ മാതാവിന്റെ നാമധേയത്തിലുള്ള മഠം ആരംഭിച്ചു. 1990 ൽ തുടങ്ങിയ അൽഫോൻസാ ബാലികാഭവൻ 2019 മുതൽ ബോർഡിംഗാക്കി മാറ്റി. ബഹു. സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം നഴ്സറിസ്കൂൾ 1973 ൽ തുടങ്ങുകയും 2004 ൽ നവീകരിക്കുകയും ചെയ്തു. പള്ളിമേടയിലെ ഒരു മുറിയിൽ അനൗദ്യോഗികമായി ആരംഭിച്ച ഇടവകയിലെ വിദ്യാഭ്യാസപ്രവർത്തനം 1919 ൽ ഇമ്മാനുവൽസ് എലമെന്ററി സ്കൂളായി മാറി. 1938 ൽ ഇമ്മാനുവൽസ് വെർണാകുലർ സ്കൂൾ തുടങ്ങി. 1947 ൽ ഇത് ഇംഗ്ലീഷ് മിഡിൽ സ്കൂളായി. 1976 ൽ ഇത് ഹൈസ്കൂളായി ഉയർത്തി. 2000 ൽ ഹയർ സെക്കൻഡറി സ്കൂളായി ഉയർന്നു. 2019 ൽ എൽ.പി. സ്കൂൾ പുതുക്കിപ്പണിതു.

കോതനല്ലൂർ പള്ളിയിൽവന്നു പ്രാർത്ഥിച്ചപ്പോൾ വിവാഹത്തിനുശേഷം വർഷങ്ങളോളം മക്കളില്ലാതെ മനഃക്ലേശമനുഭവിച്ചുകൊണ്ടിരുന്ന ദമ്പതികൾക്കു കുഞ്ഞുങ്ങളെ ലഭിച്ച വിവിധ അനുഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. കുഞ്ഞുങ്ങൾക്കുണ്ടാകുന്ന രോഗങ്ങളിൽനിന്നു സൗഖ്യം പ്രാപിച്ചവർ ധാരാളമുണ്ട്. ഇവിടെയുള്ള നിലവിളക്കിൽ ഭക്തജനങ്ങൾ സമർപ്പിക്കുന്ന എണ്ണ ഉപയോഗിക്കുമ്പോൾ അതുവഴി രോഗശാന്തി തേടുന്ന നിരവധി പേരുണ്ട്. ജീവിതാന്തസ്സിൽ പ്രവേശിക്കുന്നതിനും വിവിധ പരീക്ഷകളിൽ വിജയം നേടുന്നതിനും ജോലി ലഭിക്കുന്നതിനുമായി നേർച്ച നേർന്നു പ്രാർത്ഥിച്ച് ഫലം കിട്ടുന്നതായി വളരെപ്പേർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.


www.malankaralibrary.com



# ഈശോമിശിഹാ ഏകരക്ഷകനോ?

**ബൈബിൾ പഠനം 9**

ബൈബിൾ അപ്പോസ്തലേറ്റ്, പാലാ രൂപത



**വ്യ**ത്യസ്തങ്ങളായ വിശ്വാസങ്ങളും മതങ്ങളുമുള്ള നമ്മുടെ സാമൂഹിക-സാംസ്കാരികസാഹചര്യത്തിൽ ഈശോമിശിഹാ ഏകരക്ഷകൻ എന്നു പറയുന്നതും പഠിപ്പിക്കുന്നതും അത്രയ്ക്കു ശരിയല്ല; അതിനാൽ, അങ്ങനെ പറയാതിരിക്കുകയാണ് നല്ലത് എന്ന് അഭിപ്രായപ്പെടുന്ന ക്രൈസ്തവവിശ്വാസികളെതന്നെ കണ്ടിട്ടുണ്ട്. മിഷൻ സ്ഥലങ്ങളിൽ സുവിശേഷപ്രവർത്തനങ്ങൾ നടത്തുന്ന ചിലരുടെ അഭിപ്രായത്തിൽ മിശിഹാ ഏകരക്ഷകനാണ് എന്നു പറയാനേ പാടില്ല എന്നാണു പ്രമാണം! എന്നാൽ, ഈശോമിശിഹാ ഏകരക്ഷകൻ എന്നു പ്രഘോഷിച്ചുകൊണ്ട് സുവിശേഷം പ്രഘോഷിക്കുന്ന ധാരാളം പ്രേഷിതരുമുണ്ട് എന്നതാണ് സത്യം. എല്ലാ മതങ്ങളിലും ധാരാളം നല്ല മനുഷ്യർ ഉണ്ടല്ലോ? അവരെല്ലാവരും രക്ഷപ്പെടുകയില്ലേ? ഗാന്ധിജിയെപ്പോലെയും മറ്റുമുള്ള ധാരാളം വളരെ നല്ല മനുഷ്യർ മറ്റു മതങ്ങളിലുണ്ടല്ലോ, അവരൊക്കെ രക്ഷിക്കപ്പെടുകയില്ലേ? പിന്നെ നമ്മളെന്തിനാണ് ഈശോമിശിഹായാണ് ഏകരക്ഷകൻ എന്നു പഠിപ്പിക്കുന്നത്? ഇപ്രകാരം ഈശോമിശിഹായുടെ രക്ഷാകരപ്രവൃത്തിയുടെ അനന്യത ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ നമുക്കുചുറ്റും ധാരാളമുണ്ട്. യഥാർഥത്തിൽ ഈശോമിശിഹാ ഏകരക്ഷകനാണോ? അവിടത്തെ രക്ഷാപ്രവൃത്തിക്ക് എന്ത് അനന്യതയാണുള്ളത്?

ക്രൈസ്തവസഭകളുടെയെല്ലാം പഠിപ്പിക്കലിൽ വ്യക്തമായുള്ള ഒരു കാര്യമാണ് ഈശോമിശിഹാ ഏകരക്ഷകൻ; മിശിഹായിലൂടെയല്ലാതെ രക്ഷ സാധ്യമാവുകയില്ല എന്നത്. ഇതു വിശുദ്ധ ബൈബിളിനെ അടിസ്ഥാനപ്പെടുത്തിയുള്ള പഠിപ്പിക്കലാണ്. പൗലോസ് ശ്ലീഹാ തിമോത്തിയോസിനെഴുതിയ ഒന്നാം ലേഖനം 2, 5 ഇപ്രകാരം പറയുന്നു: ഒരു ദൈവമേയുള്ളൂ, ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ-മനുഷ്യനായ ഈശോമിശിഹാ. പൗലോസ് ശ്ലീഹാ ഇക്കാര്യം പഠിപ്പിക്കുന്നത് മിശിഹായുടെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ്. ഈശോ പഠിപ്പിച്ചിട്ടുണ്ട്: വഴിയും സത്യവും ജീവനും ഞാനാണ്; എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല (യോഹ 14, 6). ഏകദൈവവും ഏകദൈവത്തിങ്കലെത്തുന്നതിനുള്ള ഏക മാർഗവും; അതാണ് വിശുദ്ധ ബൈബിളിലൂടെ വെളിപ്പെടുത്തപ്പെട്ടത്. സകലസൃഷ്ടികളുടെയും കാരണഭൂതനായ ഏക ദൈവം; ആ ദൈവത്തെ പൂർണതയിൽ വെളിപ്പെടുത്തിയ ഏകജാതനായ പുത്രൻതമ്പുരാൻ ഈശോമിശിഹാ.

യഹൂദമതത്തിന്റെയും ക്രൈസ്തവരുടെയും ദൈവവിശ്വാസത്തിന്റെ അടിത്തറ എന്നു വിശേഷിപ്പിക്കാവുന്ന തോറ(പഞ്ചഗ്രന്ഥി)യുടെ കേന്ദ്ര ദൈവശാസ്ത്രപ്രമേയം ഒരു ദൈവം, ഒരു ജനത എന്നതാണ്. പ്രപഞ്ചത്തെയും ജനപദങ്ങളെയുമെല്ലാം സൃഷ്ടിച്ചത് ഒരു ദൈവമാണ്. അവിടുന്ന് ആ സൃഷ്ടികർമം നടത്തിയത് തന്റെ വചനത്തിലൂടെയാണ്. ഉണ്ടായിട്ടുള്ളതെല്ലാം അവനിലൂടെയാണുണ്ടായത്. ആ വചനമാണ് ദൈവത്തെ വെളിപ്പെടുത്തിയത്. വചനമാണ് പ്രവാചകന്മാരിലൂടെ സംസാരിച്ചത്. ആ വചനമാണ് മാംസം ധരിച്ച് മനുഷ്യനായിപ്പിറന്നത്. വചനം ദൈവമായിരുന്നു, ദൈവത്തോടുകൂടെയായിരുന്നു. വചനം മനുഷ്യനായി മനുഷ്യരുടെ ഇടയിൽ വസിച്ചു, അതാണ് ഈശോമിശിഹാ (യോഹ 1:1-14). ഗ്രീക്ക് തത്ത്വശാസ്ത്രമനുസരിച്ച് ഒരുവന്റെ വചനം അവന്റെതന്നെ അസ്തിത്വമാണ്. ഒരുവന്റെ വചനവും അവനും തമ്മിലുള്ള ബന്ധത്തെ പിതൃപുത്ര ബന്ധമായി അവതരിപ്പിക്കുന്നുണ്ട്. അനാദിയിലേ പിതാവിൽ നിന്നു പുറപ്പെട്ട, പിതാവിന്റെതന്നെ അസ്തിത്വത്തിന്റെ ഭാഗമായ അവിടുത്തെ വചനം എല്ലാറ്റിനെയും സൃഷ്ടിക്കുന്ന ശക്തിയായി പ്രവർത്തിക്കുന്നു. പിതാവിൽനിന്നു പുറപ്പെട്ട വചനം, സൃഷ്ടിക്കുന്നതിനു കഴിവുള്ളതായതുകൊണ്ടും അത് അതിൽത്തന്നെ അസ്തിത്വമുള്ളതുകൊണ്ടും വചനത്തെ വ്യക്തിയായും കാണുന്നു. അതുപോലെതന്നെയാണ് ദൈവത്തിൽനിന്നു പുറപ്പെടുന്ന അവിടുത്തെ ചൈതന്യമായ റൂഹായും.

എല്ലാറ്റിനെയും സൃഷ്ടിച്ചത് വചനത്താലായതുകൊണ്ട് എല്ലാം രക്ഷിക്കപ്പെടുന്നത് വചനത്താലാണ്. അതിനാൽ, വചനത്താലല്ലാതെ രക്ഷയില്ല. മനുഷ്യചരിത്രത്തിൽ, ആ വചനം ശരീരം സ്വീകരിച്ച് മനുഷ്യരുടെയിടയിൽ വസിച്ചു - അതായിരുന്നു ഈശോമിശിഹാ. മിശിഹാ പൂർണദൈവവും പൂർണ മനുഷ്യനുമായിരുന്നു എന്നതാണ് അവിടുത്തെ അനന്യത. അവിടുന്ന് മനുഷ്യനായി അവതരിച്ചത് മനുഷ്യകുലം മുഴുവനുംവേണ്ടിയാണ്, സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ പവിത്രീകരിക്കുന്നതിനാണ്. മനുഷ്യനായി അവതരിച്ച മിശിഹായിലൂടെ യാഥാർഥ്യമായത് പ്രപഞ്ചം മുഴുന്റെയും രക്ഷയാണ്. എല്ലാം സൃഷ്ടിക്കപ്പെട്ടത് അവനാലാണ്. അതിനാൽ അവനെക്കൂടാതെ ഒന്നും രക്ഷിക്കപ്പെടുകയില്ല. മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് വിശുദ്ധ ബൈബിൾ പറയുന്നത് സകലമനുഷ്യർക്കുംവേണ്ടിയുള്ള രക്ഷകൻ എന്നാണ് (ലൂക്ക 2:10,31). അതുകൊണ്ടാണ് പത്രോസ് ശ്ലീഹാ പ്രഘോഷിച്ചത്: ''മറ്റാരിലും രക്ഷയില്ല; ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി വേറൊരു നാമവും നല്കപ്പെട്ടിട്ടില്ല'' (അപ്പ പ്ര 4,12).

വിശുദ്ധ ബൈബിളിന്റെ ആദ്യ അധ്യായങ്ങൾ പഠിപ്പിക്കുന്നത് ഈ സത്യമാണ്. അതായത്, എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണ്. സകലമനുഷ്യകുലത്തിനും അനുഗ്രഹമാകുന്നതിനുവേണ്ടിയാണ് അബ്രാഹത്തെയും ഇസ്രായേൽ ജനത്തെയും ദൈവം തിരഞ്ഞെടുത്തത് (ഉത്പ 12, 3; 28,14). ദൈവത്തിന്റെ രക്ഷാപദ്ധതി എല്ലാ ജനപദങ്ങൾക്കുംവേണ്ടിയാണ്. ആ സത്യം വെളിപ്പെടുത്തുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ജനത എന്ന സവിശേഷതയാണ് പഴയനിയമത്തിൽ ഇസ്രായേൽ ജനത്തിനുള്ളത്. മിശിഹായിൽ സകലജനത്തിനുമുള്ള രക്ഷ സാധ്യമായി. ആ സത്യം പ്രഘോഷിക്കുന്നതിനു വിളിക്കപ്പെട്ടിരിക്കുന്ന സമൂഹമാണ് സഭ. വിശുദ്ധ ബൈബിൾ എല്ലാവരെയും ഉൾക്കൊള്ളുന്ന, സാർവത്രികരക്ഷയാണ് പ്രഘോഷിക്കുന്നത്. അവിടെ ആരെയും മാറ്റിനിറുത്തുന്നില്ല. ആ രക്ഷ സാധ്യമാക്കുന്നതിനാണ് ഈശോ വന്നത്. ഈശോ എന്ന വാക്കിന്റെ അർത്ഥംതന്നെ രക്ഷകൻ എന്നാണ്. എല്ലാവരുടെയും രക്ഷ മിശിഹായിലൂടെയാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ്, പഠിപ്പിക്കുന്നതുപോലെ, ഒരുവൻ മിശിഹായെ അറിയുന്നില്ലെങ്കിൽപ്പോലും അവന്റെ രക്ഷ മിശിഹായിലൂടെയാണ് യാഥാർഥ്യമാകുന്നത്. ഈശോയാണ് ഏകരക്ഷകൻ. അവിടുത്തെക്കൂടാതെ ഒരുവനും ദൈവത്തിന്റെ പക്കലെത്തുന്നില്ല. കാരണം അവിടുന്ന് ദൈവം തന്നെയാണ്. ■


## കേരളത്തിന്റെ ആരോഗ്യരംഗത്ത് രണ്ടു വർഷം അഭിമാനപൂർവം പൂർത്തിയാക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ

**കേ**രളത്തിലെ മികച്ച ടെർഷ്യറി കെയർ ഹോസ്പിറ്റലുകളിൽ ഒന്നായിമാറിയ മാർസ്ലീവാ മെഡിസിറ്റി പാലായുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കു മൂന്നു സൗജന്യപദ്ധതികൾ പ്രഖ്യാപിച്ചു.

1) **പുനർജനി**: പാലായിലും പരിസരപ്രദേശങ്ങളിലുമുള്ള നിരവധി അനാഥ - കാരുണ്യകേന്ദ്രങ്ങളിൽ കഴിയുന്ന നാനാജാതിമതസ്ഥരായ പാവങ്ങൾക്ക് വിദഗ്ധ ഡോക്ടർമാർ നേരിട്ടെത്തി സൗജന്യചികിത്സയും മരുന്നും നൽകുന്ന പദ്ധതി.

2) കൂടുതൽ സൗകര്യങ്ങളോടുകൂടി **കോവിഡ് ഫൈറ്റേഴ്സിന്റെ** (വീടുകളിൽചെന്ന് സൗജ്യനമായി ചികിത്സിക്കുന്ന പദ്ധതി) **പ്രവർത്തനം**.

3) പാവപ്പെട്ട മുഴുവൻ പേർക്കും തികച്ചും സൗജന്യമായി കോവിഡ് വാക്സിനേഷൻ നൽകുന്ന '**ഞങ്ങളുണ്ട് കൂടെ' മെഗാവാക്സിനേഷൻ ക്യാമ്പ്**.

രോഗീപരിചരണം കൂടുതൽ മികച്ചതാക്കാൻ പുതിയ ഫാർമസി ആരംഭിച്ചു. ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ അഭ്യർഥന മാനിച്ചാണ് ഒൻപതു കൗണ്ടറുകളുള്ള പുതിയ OP ഫാർമസി തുറന്നത്. അഡ്മിറ്റാകുന്ന രോഗികൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ആശുപത്രിയുടെ നാലാം നിലയിൽ ക്രമീകരിച്ച IP ഫാർമസി ഏതാനും മാസങ്ങൾക്കുമുമ്പ് ജനങ്ങൾക്കായി തുറന്നിരുന്നു.

പ്രതിദിനം 1000 കോവിഡ് വാക്സിനേഷൻ സ്ലോട്ടുകൾ ആശുപത്രിയിൽ ലഭ്യമാണ്. രാവിലെ 9 മുതൽ 5 വരെയാണ് വാക്സിനേഷൻ സമയം. COWIN പോർട്ടൽ വഴി പൊതുജനങ്ങൾക്ക് അവരുടെ സ്ലോട്ടുകൾ ബുക്കു ചെയ്യാവുന്നതാണ്. cowin.gov.in ൽ ലോഗിൻ ചെയ്തതിനുശേഷം 686 584 എന്ന പിൻകോഡ് ഉപയോഗിച്ച് സെർച്ച് ചെയ്ത് മാർ സ്ലീവാ മെഡിസിറ്റി പാലാ സെലക്ട് ചെയ്യാവുന്നതാണ്. 700 രൂപയാണ് കോവിഷീൽഡ് വാക്സിന്റെ വിലയായി ഈടാക്കുന്നത്. വാക്സിൻ എടുക്കാൻ വരുന്നവർ നിർബന്ധമായും ആധാർ കാർഡ് കയ്യിൽ കരുതേണ്ടതാണ്. സ്പോട്ട് രജിസ്ട്രേഷനുള്ള സൗകര്യവും ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. ആശുപത്രിയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർവ്വസജ്ജമായ 150 മുറികൾ, പൊള്ളൽ ചികിത്സാ ICU, അവയവമാറ്റിവയ്ക്കൽ ICU, ഐസൊലേഷൻ ICU, മെഡിക്കൽ ICU, അന്തർദേശീയ നിലവാരമുള്ള 18 സ്യൂട്ട് റൂമുകൾ എന്നിവ അടങ്ങിയ രണ്ടാം ടവറിന്റെ ആശീർവാദകർമം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

സഹോദരസ്ഥാപനമായ മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് & റിസർച്ചിൽ പുതിയ കോഴ്സുകൾ ആരംഭിച്ചു. ആർത്രോപ്ലാസ്റ്റി, ആർത്രോസ്കോപ്പി ഫെല്ലോഷിപ്പ്, MBA ഇൻ ഹോസ്പിറ്റൽ മാനേജ്മെന്റ് എന്നിവയും പ്ലസ്ടു പൂർത്തിയാക്കിയവർക്കായി, ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള ഡയാലിസിസ് ടെക്നോളജി, അനസ്തേഷ്യ & ക്രിട്ടിക്കൽ കെയർ ടെക്നോളേി, മെഡിക്കൽ റെക്കോഡ് ടെക്നോളജി, ഹോസ്പിറ്റൽ സ്റ്റെറിലൈസേഷൻ ടെക്നോളജി, നഴ്സിംഗ് അസിസ്റ്റന്റ് & ഹോം കെയർ എന്നീ ഡിപ്ലോമ കോഴ്സുകളും ആരംഭിച്ചു.

**Hospital Phone Numbers:**
**04822-359900, 269500, 269700**

www.malankaralibrary.com



# നമുക്കുവേണ്ടി പൊരുതുന്ന ദൈവം

ചിന്താനാളം 8

ഫാ. കുര്യൻ മറ്റം

നദീതീരത്തു താമസിച്ചിരുന്ന സന്ന്യാസിക്ക് പാൽ എത്തിച്ചു നല്കിയിരുന്നത് ഒരു പെൺകുട്ടിയാണ്. കടത്തുവള്ളത്തിലാണ് അവൾ വന്നിരുന്നത്. കടത്തുകാരൻ വൈകിയാൽ പാൽ വിതരണം മുടങ്ങും. ഒരു ദിവസം വളരെ വൈകിവന്ന പെൺകുട്ടിയോട് സന്ന്യാസി തമാശരൂപേണ പറഞ്ഞു: "ഈശ്വരനിൽ ആശ്രയിച്ചാൽ ഏതു കടലാണ് നമുക്ക് നീന്തിക്കടക്കാനാവാത്തത്?" പിറ്റേദിവസം മുതൽ അവൾ കൃത്യസമയത്ത് എത്തിത്തുടങ്ങി. കാര്യം തിരക്കിയ സന്ന്യാസിയോട് അവൾ പറഞ്ഞു: "ഞാനിപ്പോൾ കടത്തുകാരനെ കാത്തുനിൽക്കാറില്ല. ഈശ്വരനാമം ജപിച്ചുകൊണ്ട് പുഴയുടെ മുകളിലൂടെ നടന്നുവരും." വിശ്വാസം വരാത്ത സന്ന്യാസി അടുത്ത ദിവസം പുഴയരികിൽ പോയിനിന്ന് പെൺകുട്ടി വെള്ളത്തിനു മുകളിലൂടെ നടന്നുവരുന്നതു നേരിൽ കണ്ടു. അന്നുമുതൽ സന്ന്യാസി പൂർണ്ണവിശ്വാസിയായി.

ദൈവം സുന്ദരമായ ഒരാശയമല്ല; പല പിടിവള്ളികളിൽ ഒരു പിടിവള്ളിയല്ല. ദൈവം ജീവിതത്തിന്റെ സർവ്വസ്വവും ആകുന്നതാണ് യഥാർത്ഥ ആത്മീയത. അത് അനുഭൂതിയോ വൈകാരികാനുഭവമോ അല്ല. ദൈവവുമായി, ഈശോയുമായി ഒരു വ്യക്തിബന്ധം ഉണ്ടാകുന്നതാണ് വിശ്വാസാനുഭവം. അബ്ദുൾ കലാം പറഞ്ഞു: "ബന്ധങ്ങൾ വൈദ്യുതി പോലെയാണ്. തെറ്റായ കണക്ഷൻ ജീവിതത്തിൽ ഷോക്കുകൾ തന്നുകൊണ്ടിരിക്കും. ശരിയായ കണക്ഷൻ ജീവിതത്തിനു വെളിച്ചം തന്നുകൊണ്ടിരിക്കും." We are connected electronically, but less connected cordially. നമ്മൾ ഇലക്ട്രോണിക് മീഡിയാവഴി ബന്ധങ്ങൾ സ്ഥാപിക്കുന്നവരാണ്. എന്നാൽ, ഹൃദയത്തിന്റെ ബന്ധങ്ങൾ തീരെയില്ല. മോശയെക്കുറിച്ചു ബൈബിൾ പറയുന്നത് ശ്രദ്ധേയമാണ്: "മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലുംവച്ചു സൗമ്യനായിരുന്നു" (സംഖ്യ 12:3). ആ ശാന്തതയും സൗമ്യതയും പക്വതയും മോശയ്ക്കു ലഭിച്ചത് ദൈവവുമായിട്ടുണ്ടായിരുന്ന വ്യക്തിബന്ധത്തിൽനിന്നാണ്. മോശ ദൈവവുമായി ഒരു സുഹൃദ്ബന്ധം പുലർത്തിയിരുന്ന ആളാണ് എന്നാണ് തിരുവചനം പറയുന്നത്. "സ്നേഹിതനോടെന്നപോലെ കർത്താവ് മോശയോട് മുഖാഭിമുഖം സംസാരിച്ചിരുന്നു" (പുറ 33:11). സീനായ് മലമുകളിൽ, "മോശ നാല്പതു പകലും നാല്പതു രാവും കർത്താവിനോടുകൂടി ചെലവഴിച്ചു.... ദൈവവുമായി സംസാരിച്ചതിനാൽ തന്റെ മുഖം തേജോമയമായി എന്ന കാര്യം അവൻ അറിഞ്ഞില്ല. അഹറോനും ഇസ്രായേൽ ജനവും മോശയുടെ മുഖം പ്രശോഭിക്കുന്നതു കണ്ടു" (പുറ 34:28-30). ദൈവവുമായി വ്യക്തിബന്ധം പുലർത്തുന്ന വ്യക്തിക്കു പ്രകടമായ മാറ്റം ഉണ്ടാകുമെന്നതു തീർച്ച. ആഴമായ ഈ വ്യക്തിബന്ധമാണ് മോശയെ വ്യതിരിക്തനാക്കിയത്. "കർത്താവ് മുഖാഭിമുഖം സംസാരിച്ച മോശയെപ്പോലെ മറ്റൊരു പ്രവാചകൻ പിന്നീട് ഇസ്രായേലിൽ ഉണ്ടായിട്ടില്ല" (നിയമ 34:10) എന്നു പറഞ്ഞുകൊണ്ടാണ് പഞ്ചഗ്രന്ഥി അവസാനിക്കുന്നത്.

ദൈവവുമായി ആഴമായ വ്യക്തിബന്ധത്തിൽ അധിഷ്ഠിതമായ വിശ്വാസം അദ്ഭുതം ചെയ്യുന്ന ചിത്രം യൂദയാ രാജാവായ യഹോഷാഫാത്തിന്റെ ജീവിതത്തിൽ കാണാം (2 ദിന 20:1-30). നീതിമാനായ യഹോഷാഫാത്തിനെതിരെ മൂന്നു രാജ്യക്കാർ - മൊവാബ്യരും അമ്മോന്യരും മെയൂന്യരും - യുദ്ധത്തിനു വന്നു. രാജാവ് ഭയന്നെങ്കിലും "കർത്താവിലേക്കു തിരിയാൻ തീരുമാനിക്കുകയും യൂദയായിലെങ്ങും ഉപവാസം പ്രഖ്യാപിക്കുകയും ചെയ്തു." ദൈവാലയാങ്കണത്തിൽ ഒരുമിച്ചുകൂടി രാജാവും ജനങ്ങളും ദൈവത്തിന്റെ വാഗ്ദാനങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് തീക്ഷ്ണമായി പ്രാർത്ഥിച്ചു. "ഞങ്ങൾക്കെതിരെ വരുന്ന ഈ വലിയ സൈന്യവ്യൂഹത്തോടു പൊരുതാൻ ഞങ്ങൾ അശക്തരാണ്. എന്തു ചെയ്യേണ്ടൂ എന്നു ഞങ്ങൾക്കറിയില്ല, എങ്കിലും ഞങ്ങൾ അങ്ങയെ അഭയം പ്രാപിക്കുന്നു." അപ്പോൾ ജനമധ്യത്തിൽ നിന്ന് യഹസിയേൽ എന്ന മനുഷ്യൻ ദൈവാത്മാവിനാൽ പ്രേരിതനായി അവരോടു സംസാരിച്ചു: "കർത്താവ് നിങ്ങളോട് അരുൾ ചെയ്യുന്നു: നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളല്ല, ദൈവമാണ് പൊരുതുന്നത്. നാളെ അവർക്കെതിരെ പുറപ്പെടുക." പിറ്റേന്ന് രാജാവും അദ്ദേഹത്തിന്റെ പരിമിതമായ സൈന്യവും യുദ്ധത്തിനു പുറപ്പെട്ടു. രാജാവ് തിരഞ്ഞെടുക്കപ്പെട്ട ഒരു ഗായകസംഘത്തോട് വിശുദ്ധവസ്ത്രങ്ങൾ അണിഞ്ഞ് സൈന്യത്തിന്റെ മുമ്പേ നടന്ന് "കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ. അവിടുത്തെ അചഞ്ചലസ്നേഹം ശാശ്വതമാണ്" എന്നു പാടാൻ ആവശ്യപ്പെട്ടു. അവർ ദൈവത്തെ പാടിസ്തുതിക്കാൻ തുടങ്ങിയപ്പോൾ പാളയത്തിൽ പട എന്നു പറഞ്ഞതുപോലെ അമ്മോന്യരും മൊവാബ്യരും അവരുടെ പക്ഷത്തുണ്ടായിരുന്ന മെയൂന്യരോടു പൊരുതി അവരെ നിശ്ശേഷം നശിപ്പിച്ചു. അതിനുശേഷം അമ്മോന്യരും മൊവാബ്യരും അന്യോന്യം ആക്രമിച്ച് അവരും നശിച്ചു. ചുരുക്കത്തിൽ യഹോഷാഫാത്തും സൈന്യവും യുദ്ധം ചെയ്യാതെതന്നെ വിജയം കൈവരിച്ചു.

കണ്ണുംപൂട്ടി ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്താൽ ഇന്നും ദൈവം നമുക്കു സമീപസ്ഥനാകും, നമുക്കുവേണ്ടി യുദ്ധം ചെയ്യും. "നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവ് നമുക്ക് സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറേ ഏതു ശ്രേഷ്ഠജനതയാണുള്ളത്?" (നിയമ 4:7) ■

# മാർത്തോമ്മാക്രിസ്ത്യാനികളുടെ സുറിയാനിബന്ധം

ഫാ. ജയിംസ് പുലിയുറുമ്പിൽ

സഭാചരിത്രപഠനം 7




മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരതസഭ, പേർഷ്യൻ സാമ്രാജ്യത്തിൽ ജന്മമെടുത്ത 'കിഴക്കിന്റെ സഭ'യോടു ബന്ധപ്പെട്ടാണ് വളർന്നുവന്നത്. കിഴക്കിന്റെ സഭ, പൗരസ്ത്യസുറിയാനിസഭ, കൽദായസഭ, നെസ്തോറിയൻ സഭ, അസ്സീറിയൻ സഭ, പേർഷ്യൻ സഭ എന്നീ വിവിധ പേരുകളിലാണ് ഈ സഭ അറിയപ്പെട്ടിരുന്നത്. പേർഷ്യൻ സാമ്രാജ്യത്തിൽ മൂന്നു സഭകൾ ഉണ്ടായിരുന്നു; തോമ്മാശ്ലീഹായുടെ ശിഷ്യനായ അദ്ദായിയാൽ സ്ഥാപിതമായ എദ്ദേസാ സഭ, മറ്റൊരു ശിഷ്യനായ മാറിയാൽ സ്ഥാപിതമായ സെലൂഷ്യ-ക്റ്റെസിഫോൺ സഭ, തോമ്മാശ്ലീഹായാൽത്തന്നെ സ്ഥാപിതമായ പേർഷ്യൻ സഭ (Persia Proper). ഇവ മൂന്നും ഒരേ രാജ്യത്ത് ജന്മമെടുത്തു വളർന്നു വന്നതിനാൽ ഇവയുടെ വളർച്ചയും രീതികളും തമ്മിൽ കാര്യമായ അന്തരമില്ലായിരുന്നു. തോമ്മാശ്ലീഹായാൽത്തന്നെ സ്ഥാപിതമായ ഭാരതത്തിലെ സഭയും ഇവയോടു ബന്ധപ്പെട്ടാണു വളർന്നുവന്നത്; പ്രത്യേകിച്ച്, ഏറ്റവും അടുത്തുള്ള പേർഷ്യൻസഭയോട്. തോമ്മാശ്ലീഹായാലോ അദ്ദേഹത്തിന്റെ ശിഷ്യന്മാരാലോ സ്ഥാപിതമായിരുന്നെന്ന കാരണത്താൽ ഈ നാലു സഭകൾക്കും പൊതുപൈതൃകം അവകാശമായുണ്ട്. പേർഷ്യൻ സഭയിലെ ഫാർസ് (Rew-Ardshir) എന്ന രൂപതയിൽനിന്നായിരുന്നു ഭാരതസഭയ്ക്ക് ആത്മീയനേതൃത്വം നല്കുന്നതിനു മെത്രാന്മാർ വന്നുകൊണ്ടിരുന്നത്.

അലക്സാണ്ട്രിയ, അന്ത്യോക്യ, എദ്ദേസ്സ, നിസിബിസ് എന്നിവ ദൈവശാസ്ത്രപീഠങ്ങളും സഭാകേന്ദ്രങ്ങളുമായി വളർന്നുവെങ്കിലും ഭാരതസഭയ്ക്ക് അതിനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. അതിനാൽ, ഭാരതത്തിലെ സഭയ്ക്ക് അടുത്തുള്ള ഒരു സഭാകേന്ദ്രവുമായി ബന്ധപ്പെടേണ്ടിവന്നു. മെത്രാന്മാരുടെ തിരഞ്ഞെടുപ്പ് പ്രാദേശികസൂനഹദോസുകളിൽവച്ച് വേണമെന്നും മെത്രാപ്പോലീത്താമാർ മെത്രാന്മാരെ വാഴിക്കുന്നത് മറ്റു രണ്ടു മെത്രാന്മാരുടെ സഹായത്തോടെ വേണമെന്നുമായിരുന്നു ആദ്യകാല സൂനഹദോസുകളുടെ തീരുമാനം. ഭാരതസഭയ്ക്ക് പ്രാദേശിക സൂനഹദോസോ ഒന്നിൽ കൂടുതൽ മെത്രാന്മാരുടെ സാധ്യതയോ ഇല്ലാതിരുന്നതിനാൽ പേർഷ്യൻ സഭയോടുള്ള ബന്ധം നിലനിർത്തിക്കൊണ്ടു പോകേണ്ടത് ഒരാവശ്യമായിരുന്നു. പേർഷ്യയും ഇന്ത്യയും തമ്മിൽ ക്രിസ്ത്വബ്ദത്തിനു മുമ്പുതന്നെ ഉണ്ടായിരുന്ന വാണിജ്യസാംസ്കാരികബന്ധങ്ങൾ സഭാപരമായ ബന്ധത്തിനു കൂടുതൽ സഹായമായി. കിഴക്കിന്റെ സഭയെ ഒരു വിദേശസഭയോ അയൽസഭയോ മാതൃസഭയോ ആയല്ല സ്വന്തമെന്നപോലെയാണ് ഭാരതസഭ പരിഗണിച്ചിരുന്നത്. ഇക്കാരണങ്ങളാൽ ഭാരതസഭയുടെ രൂപപ്പെടലിനും വളർച്ചയ്ക്കും ഈ ബന്ധം ഏറെ സഹായിച്ചു.

ഈ പൗരസ്ത്യസുറിയാനി സഭാബന്ധമാണ് ഭാരതസഭയുടെ ആരാധനഭാഷ സുറിയാനിയായിത്തീരാൻ പ്രധാനമായും കാരണമായത്. ഈശോ സംസാരിച്ചിരുന്ന, വളരെ പ്രാചീനമായ അറമായ-സുറിയാനി ഭാഷ ആദ്യനൂറ്റാണ്ടുകളിലെ വാണിജ്യഭാഷകൂടിയായിരുന്നു എന്നത് ഇതിന്റെ പ്രാധാന്യവും മഹത്ത്വവും പ്രസക്തിയും വിളിച്ചറിയിക്കുന്നു. ഭാരതസഭയുടെ ആരാധനക്രമവും ആത്മീയതയും ദൈവശാസ്ത്രവും അച്ചടക്കവും രൂപപ്പെടുന്നതിൽ സുറിയാനിബന്ധത്തിനു കാതലായ പങ്കുണ്ട്. ഭാരതത്തിന്റെ തനിമ നമ്മുടെ വിശ്വാസപ്രകടനത്തിലും ആചാരാനുഷ്ഠാനങ്ങളിലും കാത്തുസൂക്ഷിച്ചെങ്കിലും ആരാധനക്രമവും ദൈവശാസ്ത്രവും സുറിയാനിസഭയോടു ചേർന്നുപോകുന്നതായിരുന്നു. 15-ാം നൂറ്റാണ്ടുവരെ ഈ സുറിയാനിബന്ധം ഭാരതസഭ തുടർന്നുവന്നു. പോർത്തുഗീസുകാർവഴിയും പ്രൊപ്പഗാന്തവഴിയും നസ്രാണിസഭ പാശ്ചാത്യ (റോമൻ, ലത്തീൻ) സഭയോടു ബന്ധപ്പെടുകയും ആ സഭയുടെ കീഴിൽ ഏതാണ്ട് മൂന്നര നൂറ്റാണ്ടുകൾ കഴിയുകയും ചെയ്തപ്പോൾ ഈ സുറിയാനിബന്ധം നഷ്ടപ്പെട്ടെന്നുതന്നെ പറയാം. നഷ്ടപ്പെട്ടുപോയ സുറിയാനിബന്ധം കഴിഞ്ഞ നൂറ്റാണ്ടുമുതൽ പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇപ്പോൾ അത് തുടർന്നുകൊണ്ടിരിക്കുന്നതിൽ നമുക്കഭിമാനിക്കാം. ■

www.malankaralibrary.com







ഫോട്ടോ 1) എട്ടുനോമ്പു സമാപനദിനത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കുറവിലങ്ങാടു പള്ളിയിൽ പരിശുദ്ധ കുർബാനമദ്ധ്യേ സുവിശേഷസന്ദേശം നല്കുന്നു.
ഫോട്ടോ 2 & 3) പാലാ മെത്രാന്റെ പ്രസംഗത്തിലെ വാക്കുകളെ വളച്ചൊടിച്ച് നിക്ഷിപ്തതാത്പര്യക്കാർ നടത്തിയ ആരോപണങ്ങൾക്കും പ്രകടനങ്ങൾക്കും മറുപടിയായി AKCC, SMYM സംഘടനകളുടെ ആഭിമുഖ്യത്തിൽ പാലാ കുരിശുപള്ളി ജംഗ്ഷനിൽ നടത്തിയ ഐകദാർഢ്യസമ്മേളനവും സമാധാനസദസ്സും


നവീകരിച്ച മുട്ടുചിറ പള്ളിയുടെ കൂദാശ



മാർ സ്ലീവാ മെഡിസിറ്റിയുടെ 2-ാം ടവറിന്റെ ആശീർവാദം


ഇൻഫാം & PSWS കർഷകദളങ്ങൾ - കർഷക അവകാശദിനം



പാലാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി മെഡിസിറ്റിക്കു നൽകിയ ആംബുലൻസ്


ജെ.ബി. കോശി കമ്മീഷന് പാലാ രൂപതയിൽനിന്നുള്ള 65000 നിവേദനങ്ങൾ അഭിവന്ദ്യ പിതാവ് വീക്ഷിക്കുന്നു


മാൻവെട്ടം ഇടവകയിൽ ഫുഡ് പ്രൊഡക്ട്സ് എന്ന കാർഷിക മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റ് ഉദ്ഘാടനം


## കർഷകർക്ക് കൈത്താങ്ങായ് ഒരു രൂപതാസംരംഭം - അഗ്രിമ

• കർഷക ഓപ്പൺ മാർക്കറ്റ്
നാടൻ, ജൈവ പച്ചക്കറികൾ, ജൈവവളം, ഗ്രോബാഗുകൾ, താറാവ്, കോഴി, കാട, മുയൽ, മത്സ്യക്കുഞ്ഞുങ്ങൾ, മത്സ്യത്തീറ്റകൾ, ഹൈടെക് കൂടുകൾ (കോഴി, കാട, മുയൽ...)

• കാർഷിക നഴ്സറി
ഹൈബ്രീഡ് പച്ചക്കറിത്തൈകൾ, പച്ചക്കറിവിത്തുകൾ, ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, ഇലച്ചെടികൾ, പൂച്ചട്ടികൾ, കീടനാശിനികൾ etc

• ഇക്കോഷോപ്പ്
നാടൻ ഭക്ഷ്യവിഭവങ്ങൾ, പലവ്യഞ്ജനങ്ങൾ, സാനിറ്റൈസർ, മാസ്കുകൾ, കോഴിമരുന്നുകൾ, കാർഷിക ഉപകരണങ്ങൾ

PSWS ന്റെ നൂതനസംരംഭം - അഗ്രിടെക്നോവേവ്
CCTV ക്യാമറ, സൗണ്ട് സിസ്റ്റം, ഇൻവെർട്ടർ തുടങ്ങി വിവിധ ഇലക്ട്രോണിക് ഉപകരണങ്ങൾ പൂർണ ഉത്തരവാദിത്വത്തോടെ കുറഞ്ഞ നിരക്കിൽ ചെയ്തുകൊടുക്കുന്നു.

മത്സ്യക്കൃഷിക്കായി സ്ഥാപനങ്ങളിലും വീടുകളിലുമെത്തി ഫെറോസിമന്റ് മത്സ്യക്കുളങ്ങൾ നിർമ്മിച്ചു നൽകുന്നു.
ഡോർ ഡെലിവറി ആരംഭിച്ചിരിക്കുന്നു
Contact: 9074556724
അഗ്രിമ സെന്റ് തോമസ് പ്രസിനു സമീപം പാലാ






MISSION SISTERS OF AJMER

Our Services Include:
- Daily Holy Mass
- Councilling
- Meditation
- 24 × 7 Hours Sisters Care
- Single Room
- Nutricious Food

Founded on 1911 April 26 with its headquarters in Ajmer

8921490703
9496599936

ST. JOSEPH'S INSTITUTE OF HOTEL MANAGEMENT & CATERING TECHNOLOGY PALAI

MANAGED BY DIOCESE OF PALAI
AFFILIATED TO M.G. UNIVERSITY
APPROVED BY AICTE

10th ANNIVERSARY 2010-2020

Admission Open

4 YEAR BHM

ELIGIBILITY
Plus two or equivalent in any group with 45% and above





www.sjihmct.ac.in   info@sjihmct.ac.in   fb.me/sjihmctpala   sjihmctpala

Choondacherry P.O. Kottayam, 686579, Ph: 04822-239508, 9447568821, 8593967676


Editorial Board: Very Rev. Fr. Joseph Kuzhinjalil, Very Rev. Fr. Jose Nellickatheruvil, Very Rev. Fr. Berchmans Kunnumpuram, Rev. Fr. Kurian Mattom, Rev. Fr. Vincent Moongamakal, Rev. Fr. Jose Kuttiyankal Rev. Sr. Mary Ann CMC, Dr. Sabu De Mathew, Sri. Pius Kurian, Adv. Martin Kakkallil, Dr. T.C. Thankachan, Sri. Saju Alex, Sri. Siju Joseph, Prof. Ancy Vadakkechirayath, Sri. Alex Kavukatt, Secretary: Fr. Thomas Thayyil, Pannel Team: Fr. Sebastian Adappacheril, Fr. Thomas Pezhumkattil, Printed and Published by: Fr. Joseph Kuzhinjalil, Owner: Eparchy of Palai.
Address: The Editor, Internet Evangelization Office, Bishop's House, Pala - 686 575. E-mail: paladoothu@gmail.com Ph: 9496542361, Printed at: St. Thomas Press, Pala. Ph: 04822 212321. Designed by: St. Thomas Press Pala



പാലാ രൂപതയിലെ എല്ലാ കുടുംബങ്ങളിലും എത്തുന്ന പാലാ ദൂതിൽ പരസ്യങ്ങൾ നൽകാനാഗ്രഹിക്കുന്നവർ ബന്ധപ്പെടുക: 9496542361